ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ അവതരിപ്പിച്ച 285, 289 എന്നീ ഭേദഗതികൾ 25-ന് എതിരെ 45 വോട്ടുകളോടെയും ശ്രീ. എം. മുരളി അവതരിപ്പിച്ച 27-ാം നമ്പർ ഭേദഗതി 27-ന് എതിരെ 45 വോട്ടുകളോടെയും സഭ നിരാകരിച്ചു. ആ കൂട്ടത്തിൽ നിങ്ങളുടെ വോട്ടുമുണ്ട്. ഞാൻ പറയുന്നത്, ഇവിടെ ദുർബല വിഭാഗങ്ങൾ, ഇന്ത്യൻ കോൺസ്റ്റിറ്റ്യൂഷനിൽ ഇവിടത്തെ ന്യൂനപക്ഷങ്ങൾക്ക്, പിന്നോക്ക ജനവിഭാഗങ്ങൾക്ക് കൊടുത്തിട്ടുള്ള വിദ്യാഭ്യാസ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ഈ നിയമം പ്രതിജ്ഞാബദ്ധമാണ്. ഇതിൽ ക്ലാസുണ്ട്. ഈ നിയമത്തെ തുറന്ന മനസ്സോടുകൂടി കാണുകയാണ് വേണ്ടത്. ഈ നിയമത്തിൽ തെറ്റുണ്ടെങ്കിൽ നിങ്ങളുമായുള്ള ചർച്ചയിലടക്കം ആ തെറ്റ് തിരുത്താവുന്നതാണ്. തെറ്റ് തിരുത്തിയിട്ട് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയെ ശരിയായ മാർഗ്ഗത്തിലേക്ക് നയിക്കുന്ന സ്ഫുടം ചെയ്തെടുത്ത ഒരു നിയമമാണ് വേണ്ടത്. ആ നിയമത്തിന് ഇപ്പോൾ നല്ല തുടക്കമായി ഈ ബില്ലിനെ ഞാൻ കാണുകയാണ് എന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിറുത്തുകയാണ്.

ഡോ. എ. നീലലോഹിതദാസൻ നാടാർ: ഞാൻ ഇന്നു രാവിലെ ഒരു സബ്മിഷൻ ഉന്നയിച്ചിരുന്നു. അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. പാലക്കാട് ജില്ലയിലെ കൊക്കകോളയുമായി ബന്ധപ്പെട്ട പ്രശ്നമാണ്. ആ സബ്മിഷന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ മുൻ എം.എൽ.എ., കെ. കൃഷ്ണൻകുട്ടി കൊക്കകോള കമ്പനിയുടെ ഫാക്ടറിയുടെ ആവശ്യത്തിന് വെള്ളം വിറ്റുവെന്ന് അറിയുന്നുവെന്ന് ഒരു ആക്ഷേപം ഉന്നയിക്കുകയുണ്ടായി. അത് ശരിയല്ലായെന്ന് അപ്പോൾത്തന്നെ ഞാൻ പറഞ്ഞു. അങ്ങനെ ഈ സഭയിലെ മുൻ അംഗമായ കൃഷ്ണൻകുട്ടിയുടെ പേരിൽ ഉന്നയിച്ച ആക്ഷേപം സഭാനടപടിയിൽനിന്ന് നീക്കം ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ഞാൻ നോക്കട്ടെ. ഞാൻ അതിനെപ്പറ്റി അന്വേഷിച്ചിട്ട് വേണ്ട നടപടി സ്വീകരിക്കാം.*

VIII. 58-ാം ചട്ടപ്രകാരമുള്ള ചർച്ച

ഡോ. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് ചർച്ച ഉന്നയിക്കുന്നതിന് ശ്രീ. കെ. സി. ജോസഫ് നൽകിയ നോട്ടീസ്

ശ്രീ. കെ. സി. ജോസഫ്: Sir, I move the discussion under rule 58 "കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 58-ാം ചട്ടപ്രകാരം താഴെ പറയുന്ന പൊതു പ്രാധാന്യമുള്ള അടിയന്തിര സംഗതി ചർച്ച ചെയ്യാനുള്ള എന്റെ ഉദ്ദേശം സംബന്ധിച്ച് ഞാൻ നോട്ടീസ് നൽകുന്നു. ഡോ. എം. എസ്. സ്വാമിനാഥൻ കമ്മീഷൻ സമർപ്പിച്ച 'റിപ്പോർട്ട് ഓഫ് ദി കമ്മീഷൻ ഓൺ ഡബ്ല്യൂ. ടി. ഒ. കൺസോൺസ് ഇൻ അഗ്രിക്കൾച്ചർ' എന്ന റിപ്പോർട്ട് സഭ ചർച്ച ചെയ്യണം". ഇവിടെ കേരളത്തിന്റെ സമ്പദ്ഘടനയെ ഏറ്റവുമധികം ബാധിക്കുന്ന പ്രശ്നത്തെപ്പറ്റി ചർച്ചയ്ക്ക് അവസരമുണ്ടാക്കിയ ബഹുമാനപ്പെട്ട സ്പീക്കറേയും മുഖ്യമന്ത്രിയേയും അഭിനന്ദിക്കുകയാണ്. 1995-ലാണ് ലോക വ്യാപാര സംഘടന ഉണ്ടായത്. പല ചർച്ചകളുടെയും അവസാനം 1995-ൽ സംഘടന രൂപീകരിച്ചു. 1994-ൽ മാരക്കേഷിൽ ഉണ്ടായ വ്യാപാര കരാർ വികസ്വര രാജ്യങ്ങൾക്ക് വളരെയേറെ ദോഷകരമായിരുന്നു. അതിന്റെയടിസ്ഥാനത്തിൽ കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റ് 31-7-2001-ൽ ഡോ. സ്വാമിനാഥൻ ചെയർമാനായ കമ്മിറ്റിയെ

*File No. 996/E3/2003/Leg. പ്രകാരം പ്രസ്തുത ഭാഗം നിലനിർത്താൻ തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഇതിന്റെ പ്രത്യാഘാതങ്ങൾ പഠിക്കാൻ വേണ്ടി നിയമിച്ചു. കമ്മിറ്റി റിപ്പോർട്ട് കൊടുത്തത് 2001 ജനുവരിയിലാണ്. ഈ റിപ്പോർട്ട് കഴിഞ്ഞ സഭയിൽ ചർച്ച ചെയ്യാമായിരുന്നു. കഴിഞ്ഞ സമ്മേളനം അലസിപ്പിരിഞ്ഞതുകൊണ്ട് ചർച്ച നടന്നില്ല. 2002-ൽ ദോഹയിൽവച്ച് 2-ാം വട്ട ചർച്ചകൾ നടന്നുകഴിഞ്ഞിരിക്കുന്നു. തുടർ ചർച്ച നടന്നുവരികയാണ്. ഇത് ഏറ്റവും പറ്റിയ സമയമാണ്. കാരണം ദോഹ ചർച്ചകളുടെ തുടർച്ചയായി Agreement on Agriculture ഫൈനലൈസ് ചെയ്യാനുള്ള സത്വര നടപടിയെടുക്കുവാൻ പോകുന്ന സമയമാണ്. കേരളത്തിന്റെ കാർഷിക മേഖലയെ ബാധിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച ഡോ. സ്വാമിനാഥൻ റിപ്പോർട്ട് ചർച്ച ചെയ്ത് അഭിപ്രായ സമന്വയം ഉണ്ടാക്കി, കേരളത്തിലെ നിർദ്ദേശങ്ങൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കാനുള്ള നടപടികൾ ഇനി വൈകിക്കാൻ പാടില്ല. വേണമെങ്കിൽ ഈ തരത്തിൽ ഒരു എക്സ്പേർട്ട് കമ്മിറ്റിയെ നേരത്തെ നിയോഗിക്കാമായിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് യാതൊന്നും ചെയ്തില്ല. അധര വ്യായാമമല്ലാതെ മറ്റൊന്നും നടന്നില്ല. ഈ പ്രശ്നങ്ങളിൽ ആത്മാർത്ഥതയുണ്ടായിരുന്നുവെങ്കിൽ കഴിഞ്ഞ ഗവൺമെന്റിനുതന്നെ ഈ കാര്യങ്ങളിൽ പഠിക്കാനുള്ള സംവിധാനമുണ്ടാക്കാമായിരുന്നു. രാമനാമം ജപിക്കുന്നതുപോലെ ആഗോളവൽക്കരണം, ഉദാരവൽക്കരണം എന്നൊക്കെ പറഞ്ഞതല്ലാതെ ഈ കാര്യങ്ങളിൽ പോസിറ്റീവായ ഒന്നും സ്വീകരിച്ചില്ല. വൈകിയാണെങ്കിലും നടപടി സ്വീകരിച്ചത് ആന്റണി ഗവൺമെന്റാണ്. ഒരു കാര്യം ചൂണ്ടിക്കാണിക്കട്ടെ. നമ്മൾ ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും W.T.O.-യും ലോക വ്യാപാര കരാറും ഒരു ഹാർഡ് റിയാലിറ്റിയാണ്. നമുക്കാർക്കും ഒഴിഞ്ഞു മാറാനാവില്ല. We cannot run away from that. We have to face that music. നിലവിലുള്ള സാഹചര്യങ്ങളിൽ ലോക വ്യാപാര കരാറിന്റെ ദോഷഫലങ്ങൾ എങ്ങനെ മറികടക്കാൻ സാധിക്കുമെന്നതും അതിന്റെ ഗുണഫലങ്ങൾ എങ്ങനെ കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് സഹായകരമാക്കാം എന്നതും സംബന്ധിച്ച് ചർച്ചകളുണ്ടാകണം. ഈ ചർച്ചകൾ അതിന് പ്രയോജനപ്പെടുത്താം. മുതലാളിത്ത രാജ്യങ്ങളിൽനിന്ന് വേറിട്ട് ഒരു സ്വതന്ത്രമായ സമ്പദ്ഘടനയുണ്ടാക്കിയ ചൈന പോലും ഇന്ന് ലോക വ്യാപാര സംഘടനയിലെ അംഗത്വത്തിന് മൽസരിക്കുകയാണ്. ചൈനയും ലോക വ്യാപാര കരാറിന്റെ ഗുണങ്ങളെ പ്രയോജനപ്പെടുത്താൻ വേണ്ടി മൽസരിച്ച് രംഗത്തു വരുന്നു. അങ്ങനെ ഉള്ളപ്പോൾ നമ്മളിവിടെ തത്വത്തിന്റെ പേരിൽ വിമർശനം മാത്രം പറഞ്ഞ് മുന്നോട്ടുപോകാതെ എതെല്ലാം തരത്തിൽ ഈ കരാറിന്റെ ഫലമായി കേരളത്തിലുണ്ടായ പ്രയാസങ്ങളെ പരിഹരിക്കാൻ സാധിക്കുമെന്ന് ആലോചിക്കണം. ഇവിടെ ഡോ. സ്വാമിനാഥൻ കമ്മിറ്റി റിപ്പോർട്ടിന്റെ പ്രസക്തമായ ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ട്. മാരക്കേഷിലുണ്ടായ Agreement on agriculture പുനർനിർണ്ണയിക്കുവാൻ പോവുകയാണ്. ലോകത്തെ വികസിത രാജ്യങ്ങൾക്ക് വേണ്ടിയുള്ള താൽപ്പര്യങ്ങൾ ആ കരാറിൽ കുത്തിനിറച്ചിരുന്നു. അതിനെതിരായ ബഹുജന വികാരം ലോകത്തെമ്പാടും ഉണ്ടായി. അതിന്റെ ഫലമായി ആ കരാർ പുനർനിർണ്ണയിക്കാൻവേണ്ടി ദോഹയിൽവച്ച് ധാരണയായി. പാര 13, ദോഹ മിനിസ്റ്റീരിയൽ ഡിക്ലറേഷൻ പറയുന്നത് വികസ്വര രാജ്യങ്ങളും വികസിത രാജ്യങ്ങളും തമ്മിൽ ഒരു ലവൽ പ്ലെയിൻ ഗ്രൗണ്ട് വേണം. ആ കരാറിന്റെ ഭാഗമായി പറയുന്ന Special and differential treatment for developing countries shall be an integral part of all relevances and negotiations on agriculture and shall be embodied in the schedule of concessions and commitments and as appropriate in the rules and disciplines to be negotiated so as to be operationally effective and to enable developing countries to effectively take account of their development needs including

LIBRARY ARCHIVES Kerala Legislative Assembly

food, security and rural development. ആ കരാറിന്റെ വ്യാപ്തിയിൽ നിന്നുതന്നെ ഇതിന്റെ ദോഷഫലങ്ങളെ മറികടക്കാൻ സാധിക്കും. അതിനു കഴിയണമെങ്കിൽ കേന്ദ്ര ഗവൺമെന്റിന് ഈ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള സാമാന്യമായ താല്പര്യമുണ്ടാകണം. നിർഭാഗ്യവശാൽ കേന്ദ്ര ഗവൺമെന്റിന്റെ നിലപാടുകൾ നമുക്ക് അനുകൂലമല്ല. നമ്മുടെ കാർഷിക ഉല്പന്നങ്ങളാണ് ഏറ്റവും തകർച്ച നേരിടുന്നത്. റബ്ബർ, നാളികേരം, കുരുമുളക്, കാപ്പി, ഏലം ഇവയെല്ലാം തകർച്ചയുടെ വക്കിലാണ്. ലോക വ്യാപാര കരാറിന്റെ ഭാഗമായി ഈ കാർഷിക ഉല്പന്നങ്ങൾക്ക് 300 ശതമാനം ഇമ്പോർട്ട് ഡ്യൂട്ടി ചുമത്താൻ സാധിക്കും. അതിന് വ്യവസ്ഥയുണ്ട്. ആ വ്യവസ്ഥ പ്രയോജനപ്പെടുത്താൻ കേന്ദ്രം തയ്യാറാകുന്നില്ല. കേന്ദ്ര ഗവൺമെന്റ് വിചാരിച്ചാൽ ഇമ്പോർട്ട് ഡ്യൂട്ടി റസ്ട്രിക്ഷൻ വർദ്ധിപ്പിക്കാൻ സാധിക്കും. ഇമ്പോർട്ട് ഡ്യൂട്ടി, കൂട്ടാൻ സാധിക്കും. നിർഭാഗ്യവശാൽ അതിന് തയ്യാറാകുന്നില്ല. എനിക്ക് അപേക്ഷിക്കാനുള്ളത് ഈ ചർച്ചകളെ തുടർന്ന് ഇവിടെ ഉണ്ടാകുന്ന അഭിപ്രായ സമന്വയത്തിന്റെ പേരിൽ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താൻ നടപടിയുണ്ടാകണം. കേരളത്തിലെ എല്ലാ എം.പി.-മാരും മലയാളികളായ എം.പി.-മാരെയടക്കം അണിനിരത്തിക്കൊണ്ട് പ്രധാനമന്ത്രിയോടും, കേന്ദ്ര കൃഷി മന്ത്രിയോടും, കോമേഴ്സ് മന്ത്രിയോടും ഈ കാര്യം പറയണം. വേണ്ടിവന്നാൽ കേരളത്തിൽനിന്ന് All Party Delegation ഡൽഹിയിൽ പോകണം. മുഖ്യമന്ത്രി പറയാറുള്ളതുപോലെ ഇത് ലാസ്റ്റ് ബസ്സാണ്. ഈ ബസ് കടന്നുപോയാൽ ഇനി അവസരം കിട്ടുകയില്ല. ദോഹ കരാറിന്റെ അടിസ്ഥാനത്തിൽ ചർച്ചകൾ ഫൈനലൈസ് ചെയ്തു കഴിഞ്ഞാൽ പിന്നെ അവസരമുണ്ടാവുകയില്ല. അതുകൊണ്ട് വൈകിയാണെങ്കിലും ഈ ചർച്ചകളുടെ അടിസ്ഥാനത്തിൽ അഖിലകക്ഷി സംഘത്തെ ഡൽഹിയിൽ അയച്ച് കേരളത്തിന്റെ വികാരങ്ങൾ പ്രധാനമന്ത്രിയെ അറിയിക്കുന്നു. പുതിയ കരാറുണ്ടാക്കുമ്പോൾ നമ്മുടെ താല്പര്യം സംരക്ഷിക്കപ്പെടണം. നമ്മുടെ കാർഷിക മേഖലയിലെ പ്രശ്നങ്ങൾ ഇവിടെ പലവട്ടം ചർച്ച ചെയ്യപ്പെട്ടതാണ്. വയനാട്ടിലേയും ഇടുക്കിയിലേയും തേയില തോട്ടങ്ങളിലെ തൊഴിലാളികൾ ഇന്ന് പട്ടിണിയിലായിരിക്കുന്നു. കേരളത്തിലെ ഗവൺമെന്റിനുമാത്രം അത് പരിഹരിക്കാൻ കഴിയുമോ? വേണമെങ്കിൽ Livelihood security box രൂപീകരിക്കാൻ സമ്മർദ്ദം ചെലുത്തണമെന്ന് ഡോ. സ്വാമിനാഥൻ കമ്മിറ്റി നിർദ്ദേശിക്കുന്നുണ്ട്. ആ Livelihood security box നടപ്പിലാക്കാൻ തയ്യാറായാൽ പരമ്പരാഗത വ്യവസായങ്ങൾക്ക് ആവശ്യമായ പരിരക്ഷ ഉണ്ടാക്കാൻ സാധിക്കും. ഇറക്കുമതി നിയന്ത്രിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഇന്ന് Advance licensing policy അനുസരിച്ച് എക്സ്പോർട്ട് ചെയ്യുന്ന വ്യക്തികൾക്കും സംഘടനകൾക്കും ഇറക്കുമതിക്ക് പ്രത്യേക ആനുകൂല്യങ്ങളുണ്ട്. റബ്ബർ, തേയില, ഏലം, നാളികേരം എന്നീ മേഖലകളിൽ കമ്മോഡിറ്റി ബോർഡുകളുടെ അനുവാദമില്ലാതെ, അവരുടെ ക്ലിയറൻസ് ഇല്ലാതെ, ഇറക്കുമതി സമ്മതിക്കാൻ പാടില്ല. ഇതുപോലെ എണ്ണയുടെ സബ്സിഡിയുടെ കാര്യം അമേരിക്കയുടെ താല്പര്യം സംരക്ഷിക്കാൻവേണ്ടി ലോക വ്യാപാര കരാറിൽ സോയാബീൻ എണ്ണയുടെ ഇമ്പോർട്ട് ഡ്യൂട്ടി 70 ശതമാനമായി ചുരുക്കി നിശ്ചയിച്ചു. നമ്മുടെ പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി, ബീഡി എന്നിവയെ സംബന്ധിച്ചും രാവിലെ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. തകർച്ചയിലായ ആ മേഖലയെ മോചിപ്പിക്കപ്പെടണമെങ്കിൽ ആവശ്യമായ എക്സ്പോർട്ട് പ്രൊമോഷൻ ഉണ്ടാകണം; ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഉണ്ടാകണം; മോഡേണൈസേഷൻ നടപ്പിലാക്കണം. ഇത്തരം കാര്യങ്ങൾ ഗൗരവമായി കണക്കിലെടുക്കാൻ ഈ ചർച്ചകൾ സഹായിക്കണം. ഈ ചർച്ചകൾ ഇവിടെ വച്ച് അവസാനിപ്പിക്കാതെ പ്രധാനമന്ത്രിയുടേയും കേന്ദ്ര കോമേഴ്സ് മന്ത്രിയുടേയും കേന്ദ്ര കൃഷിവകുപ്പുമന്ത്രിയുടേയും മുന്നിൽ കേരളത്തിന്റെ ആവശ്യങ്ങൾ ശക്തമായി ഉന്നയിച്ച് ലോകവ്യാപാര കരാറിൽ മാറ്റം വരുത്താൻ നടപടിയെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. നാരായണൻ: സർ, ലോകവ്യാപാര കരാറിനെ നേരിടാൻ കേരളം ദ്വിമുഖ തന്ത്രം ആവിഷ്ക്കരിക്കണമെന്ന് പ്രമുഖ കൃഷിശാസ്ത്രജ്ഞനും ഡബ്ല്യു.റ്റി.ഒ.-യുടെ കമ്മീഷനുമായ ഡോക്ടർ എം. എസ്. സ്വാമിനാഥൻ നിർദ്ദേശിച്ചിട്ടുണ്ട്. ലോകവ്യാപാര കരാറിന്റെ പ്രത്യാഘാതം കുറച്ചുകൊണ്ടുവരുകയും അതിന്റെ അനുകൂല വശങ്ങൾ വേണ്ടത്ര ചൂഷണം ചെയ്യുകയുമാണ് ചെയ്യേണ്ടത്. കാർഷിക രംഗത്ത് നിലവിലുള്ള നേട്ടങ്ങൾ കുറയാതെ കാത്തു സൂക്ഷിക്കുക, ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുക, കൂടുതൽ നേട്ടങ്ങൾ ഉണ്ടാക്കുക എന്നീ നിർദ്ദേശങ്ങളാണ് നമ്മൾ മുന്നോട്ടു വച്ചിട്ടുള്ളത്. അയ്യായിരം വർഷത്തെ ആയുർവ്വേദ പാരമ്പര്യമുള്ള നവരനെല്ല് കേരളത്തിന്റെ മാത്രം പ്രത്യേകതയാണ്. അതിന്റെ സ്വത്തവകാശം നമുക്ക് മാത്രമുള്ളതാണ്. രൂക്ഷമായ പ്രതിസന്ധി നേരിടുന്ന കൃഷിക്കാരുടെ ആത്മവിശ്വാസം വളർത്തിയെടുക്കുവാൻ ഉതകുന്ന പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ ഗവൺമെന്റ് തയ്യാറാകണം. നമ്മുടെ വ്യാപാര ബന്ധങ്ങൾ വളർത്തുക; പക്ഷേ രാജ്യത്തിന്റെ താല്പര്യത്തെ ഹനിച്ചുകൊണ്ടാകരുത്. അമേരിക്ക തൊട്ട് ആസ്ട്രേലിയ വരെയുള്ള രാജ്യങ്ങൾ പല മാർഗ്ഗങ്ങളും ഉപയോഗിച്ച് ഇറക്കുമതി തടയുന്നുണ്ട്. ഇവിടെയാകട്ടെ ഉഭയകക്ഷി ചർച്ചയുടെ പേരിൽ കേരളത്തിലെ കർഷകർ ബലിയാടാവുകയാണ്. ശ്രീലങ്ക വഴി മറ്റ് രാജ്യങ്ങളിലെ കൃഷിക്കാരുടെ ഉല്പന്നങ്ങൾ ഇവിടെ ഇറക്കുമതി ചെയ്യുന്നുണ്ട്.

ശ്രീ. പി. പി. ജോർജ്: സർ, ഫൈനൽ റിപ്പോർട്ടുമായി ബന്ധപ്പെട്ട് ഒന്നുരണ്ടു കാര്യങ്ങൾ പറയുവാനുണ്ട്. ഫൈനൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനു മുമ്പ് നാല് ഇന്റെറിം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. അപ്പോൾത്തന്നെ ചില കാര്യങ്ങൾ ചെയ്യാമായിരുന്നു. പക്ഷേ ചെയ്തില്ല. അതു സാരമില്ല, പോട്ടെ. ഇപ്പോൾ ഫൈനൽ റിപ്പോർട്ട് വന്നപ്പോൾ അതിലെ റെക്കമെന്റേഷൻ സ്വീകരിച്ച് ചെയ്യാവുന്ന പല കാര്യങ്ങളുമുണ്ട്. മറ്റ് മുഖവുരയൊന്നും പറയുന്നില്ല. നാല് റെക്കമെന്റേഷൻസാണ് പറഞ്ഞത്. ഡബ്ല്യു.റ്റി.ഒ. തന്നെ ചെയ്യേണ്ടത്, സെൻട്രൽ ഗവൺമെന്റ് ചെയ്യേണ്ടത്, സ്റ്റേറ്റ് ഗവൺമെന്റ് ചെയ്യേണ്ടത്, ഫാർമേഴ്സ് ചെയ്യേണ്ടത്. ഇത് നാലുംചേർന്ന് നിർദ്ദേശങ്ങൾ സമന്വയിപ്പിച്ച് ഒരു ഓർക്കെസ്ട്ര പോലെ ആയാൽ നന്നായി എന്നാണ് പറഞ്ഞത്. പക്ഷേ അങ്ങനെ നടക്കുമോ? വിഷമമാണ്. മുഖ്യമന്ത്രി ചെയർമാനായിട്ട് കാർഷിക വികസന കൗൺസിൽ ഉണ്ടായിരുന്നു. മുമ്പ് യു.ഡി.എഫ്. ഗവൺമെന്റ് ഫോം ചെയ്തതാണ്. തുടർന്ന് പ്രവർത്തനം ഉണ്ടായില്ല. എ.പി.സി. ചെയർമാനായി പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ട് രൂപീകരിച്ചിരുന്നു. പക്ഷേ അതിന് ഫണ്ട് കൊടുത്ത് മുന്നോട്ടുകൊണ്ടുപോയില്ല. ഡോ. എം. വി. ജോർജ് ചെയർമാനായി അഗ്രിക്കൾച്ചറൽ പ്രൈസസ് കമ്മീഷൻ രൂപീകരിച്ചിരുന്നു. അതിന്റെ പ്രവർത്തനം കാര്യമായി നടന്നില്ല. ഇൻഷ്വറൻസ് ഫണ്ട് ഉണ്ടായിരുന്നു. എല്ലാ വിളകൾക്കും ക്രോപ് ഇൻഷ്വറൻസ് ബാധകമാക്കിക്കൊണ്ട് നടപ്പാക്കി. പക്ഷേ അതിനും ഫണ്ട് കൊടുത്ത് മുന്നോട്ടുപോയില്ല. കേരഫെഡ് ഉണ്ടാക്കി. പ്രവർത്തനം നന്നായില്ല. ഹോർട്ടിക്കൾച്ചർ ഡെവലപ്മെന്റ് പ്രോഗ്രാം നന്നായി നടന്നു. ഇനി നമുക്ക് സ്റ്റാന്റിംഗ് കമ്മിറ്റി, സ്റ്റിയറിംഗ് കമ്മിറ്റി, എക്സ്പെർട്ട് കമ്മിറ്റി അതല്ല വേണ്ടത്, ഇതൊക്കെ നടപ്പാക്കുകയാണ് വേണ്ടത്. ഡബ്ല്യു. റ്റി.ഒ. ചെയ്യേണ്ട കാര്യങ്ങൾ ചുരുക്കിപ്പറയാം. എഗ്രിമെന്റ് ഓൺ അഗ്രിക്കൾച്ചർ അതാണ് അതിലൊരു കാര്യം. അതിന് ന്യൂ മാർക്കറ്റ് ലഭ്യമാക്കണം. ആ എഗ്രിമെന്റ് അതിനായിരുന്നു. അത് വേണ്ടപോലെ നടപ്പാക്കിയില്ല. അതുകൊണ്ട് ആ എഗ്രിമെന്റ് കാലഘട്ടത്തിനൊപ്പം മാറ്റങ്ങൾ വരുത്തിക്കൊണ്ട് നടപ്പാക്കാൻ ശ്രമിക്കണം. അതിലെ രണ്ടാമത്തെ കാര്യം, ഇറക്കുമതി തീരുവ കുറച്ചു. ഇനിയും കുറയ്ക്കും. 2005-ൽ വളരെ യധികം വീണ്ടും കുറയ്ക്കും. അത് നമുക്ക് ദോഷമാണ്. അത് തടയുവാൻ കേന്ദ്രത്തോട് പറയണം. ഇൻഡ്യൻ വിളകളൊക്കെ തകരും. അമേരിക്ക, യൂറോപ്യൻ രാജ്യങ്ങൾ, ജപ്പാൻ

എന്നീ രാജ്യങ്ങളാണ് ഇതിന് സമ്മർദ്ദം ചെലുത്തുന്നത്. അതുകൊണ്ട് അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടും. ഇൻഡ്യൻ വിളകൾക്ക് ദോഷം ചെയ്യും. ആ കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തുവാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. ഇതിനുപുറമേയുള്ള ഡയറക്ടായ കാര്യങ്ങൾ, കേന്ദ്രത്തിന്റെ എക്സിം പോളിസി നമുക്ക് ദോഷമാണ്. കേന്ദ്രത്തിന്റെ എക്സിം പോളിസിയിൽ അവർ ഏകപക്ഷീയമായ തീരുമാനം എടുക്കുകയാണ്. കേരളത്തിന്റെ കാര്യങ്ങൾ അവർ നോക്കുന്നില്ല. രണ്ട് ഉദാഹരണം പറയാം, ശ്രീലങ്ക കരാർ നമുക്ക് ദോഷമാണ്. ചൈനയിൽനിന്ന് ചുക്കും വിയറ്റ്നാമിൽനിന്ന് കുരുമുളകും തായ്ലന്റിൽനിന്ന് മഞ്ഞളും ഗോട്ടിമാലിയിൽനിന്ന് ഏലവും കള്ളക്കടത്തിലൂടെ ശ്രീലങ്കയിലേയ്ക്ക് കൊണ്ടുവന്ന് മിക്സ് ചെയ്ത് കേരളത്തിലേയ്ക്ക് വരുമ്പോൾ വളരെ മോശമായ ക്വാളിറ്റിയാവുകയാണ്. അതുകൊണ്ട് ഈ കരാർ നമുക്ക് ദോഷമാണ്. സാർക്ക് രാജ്യങ്ങളുമായിട്ടുള്ള ഉടമ്പടിയിലൂടെ അരി, ഗോതമ്പ് എന്നിവ കുറഞ്ഞ നിരക്കിൽ കൊണ്ടുവരാം. നമ്മുടെ ഉല്പന്നങ്ങളുടെ വില കുറയും. സാർക്ക് രാജ്യങ്ങളുടെ ഉടമ്പടിയിൽ മാറ്റങ്ങൾ വരുത്തണം. അതിനുവേണ്ടി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. ഇൻഡോ-നേപ്പാൾ ഫ്രീ ട്രെയ്ഡ് എഗ്രിമെന്റിലൂടെ പാമോയിലും മറ്റും നേപ്പാളിൽനിന്ന് ഫ്രീയായി കൊണ്ടുവരാൻ സാധിക്കും. മലേഷ്യയിലാണെങ്കിൽ 75 ശതമാനം ഇമ്പോർട്ട് ടാക്സ് വേണ്ടത് നേപ്പാളിൽനിന്ന് ഫ്രീയായി കൊണ്ടുവരാൻ സാധിക്കുന്ന പശ്ചാത്തലം ഇല്ലാതാക്കണം. കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തേണ്ട കാര്യങ്ങൾ ഇതാണ്. സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ടത് ഞാൻ നേരത്തെ പറഞ്ഞല്ലോ, ചീഫ് മിനിസ്റ്റർ ചെയർമാനായും അഗ്രിക്കൾച്ചറൽ മിനിസ്റ്റർ വൈസ് ചെയർമാനുമായും ഉള്ള ഈ കമ്മിറ്റി ഫലപ്രദമായി നടത്താനുള്ള കാര്യങ്ങൾ ചെയ്യണം. അതിൽ എക്സ്പെർട്ട്സിനെ വച്ചുകൊണ്ട് ചെയ്യണം. ഡിപ്പാർട്ട്മെന്റ് വേണ്ടപോലെ പ്രവർത്തിച്ചാൽ മാത്രമേ നമ്മുടെ പ്ളാന്റേഷനെ രക്ഷിക്കുവാനാകൂ. പഴയ മരങ്ങൾ വെട്ടിമാറ്റിക്കൊണ്ട് തെങ്ങ്, കശുമാവ്, കുരുമുളക് ഇതൊക്കെ റീ പ്ളാന്റു ചെയ്യൽ ഇതിലുള്ള പ്രധാന നിർദ്ദേശമാണ്. ജൈവകൃഷി കൂടുതൽ പ്രോൽസാഹിപ്പിക്കണം. പ്രോഡക്ട്സ് ഡൈവേഴ്സിഫിക്കേഷൻ വേണം. നാളികേരത്തിൽനിന്ന് ഇളനീർ മുതലായവ ഉണ്ടാക്കുന്നുവെന്ന് പറയുന്നതേയുള്ളൂ. പ്രോഡക്ട്സ് ഡൈവേഴ്സിഫിക്കേഷൻ ഇവിടെയും പ്രയോഗത്തിൽവന്ന് വിജയകരമാക്കണ്ടേ? അതുപോലെ ഈ മേഖലയിലുള്ള ശുചിത്വം. അത് കീടനാശിനിയില്ലാതെ വേണം. അതിന് അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയെ പ്രയോജനപ്പെടുത്തിക്കൊണ്ട് കൂടുതൽ കാര്യങ്ങൾ ചെയ്യുവാൻ സാധിക്കണം. ഈ റിപ്പോർട്ടിൽ അനിമൽ ഹസ്ബന്ററിയെപ്പറ്റി ഒന്നും പറയുന്നില്ല. നമ്മുടെ സ്റ്റേറ്റിലെ പ്രധാനപ്പെട്ട മേഖലയാണത്. കാർഷിക വായ്പ കൂടുതൽ അനുവദിക്കണം. ചെറിയ ഇന്ററസ്റ്റിൽ അതിനുള്ള മാർഗ്ഗങ്ങൾ ആരായണം. മാത്രമല്ല, അഗ്രിക്കൾച്ചർ എക്സ്പോർട്ട്സ് സോൺ രൂപീകരിക്കണം. ഇത് വലിയ കൃഷിക്കാർക്കാണ് ഉപകരിക്കുന്നത്. ചെറുകിട കൃഷിക്കാർക്ക് ഉപകരിക്കുന്ന അഗ്രിക്കൾച്ചർ എക്സ്പോർട്ട് കൺസോർഷ്യം രൂപീകരിക്കുവാൻ സാധിക്കണം. ഡബ്ല്യു.റ്റി.ഒ.-യെ വിമർശിച്ചിട്ട് കാര്യമില്ല. അതൊരു യാഥാർത്ഥ്യമായി അംഗീകരിക്കുക. അത് അംഗീകരിച്ചുകൊണ്ട് അതിലെ നല്ല കാര്യങ്ങൾ പ്രയോഗത്തിൽ വരുത്താൻ പരിശ്രമിക്കുകയാണ് വേണ്ടത്. അതുകൊണ്ട് ആരേയും വിമർശിക്കേണ്ട കാര്യമില്ല. ഈ റിപ്പോർട്ടിൽ പറയുന്ന നല്ല കാര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് നമ്മുടെ സ്റ്റേറ്റിന് ഉപകരിക്കുന്ന തരത്തിലുള്ള നടപടികൾ കൈക്കൊള്ളാൻ ഗവൺമെന്റിനോട് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:</u> സർ, നമ്മുടെ സമ്പദ്ഘടനയുടെ നട്ടെല്ലാണ് കാർഷിക മേഖല. കാർഷിക മേഖലയെ ഒരു പരിധിവരെ ദോഷകരമായി ബാധിക്കുന്ന, കാർഷിക കരാറിലെ ദോഷകരമായ വ്യവസ്ഥകളെ എങ്ങനെ അതിജീവിക്കാമെന്നും ഗുണപരമായ

LIBRARY ARCHIVES Kerala Legislative Assembly

വശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കാർഷിക മേഖലയെ എങ്ങനെ വളർച്ചയിൽ എത്തിക്കാമെന്നു മാണ് ഗവൺമെന്റ് രൂപീകരിച്ച ഡോ. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് വ്യക്തമാക്കുന്നത്. ലോകവ്യാപാര കരാറിൽ, കാർഷിക മേഖലയിലെ കരാർ ഏറ്റവും കൂടുതൽ രൂക്ഷമായി ബാധിച്ചത് കേരളത്തെയാണെന്ന് കേന്ദ്ര കൃഷിമന്ത്രി ഒരിക്കൽ പറഞ്ഞത് ഞാൻ ഓർക്കുക യാണ്. 1996 ജനുവരി 1-ന് സ്ഥാപിതമായ ലോകവ്യാപാര സംഘടനയിൽ 29 കരാറുകളിൽ ഇൻഡ്യയുൾപ്പെടെ 123 രാജ്യങ്ങളാണ് ഒപ്പിട്ടത്. അതിൽ നമ്മളെ ദോഷകരമായി ബാധിക്കുന്ന ഒരുപാട് കാര്യങ്ങളുണ്ടെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. നമുക്ക് WTO കരാറിനെ നിഷേധിക്കാൻ കഴിയുകയില്ല. ഇതുമായി ബന്ധപ്പെട്ട ആളുകൾ തന്നെ ലോകവ്യാപാര കരാറിന്റെ രംഗത്ത് പ്രവർത്തിക്കുന്ന WTO-യിൽ പ്രവർത്തിക്കുന്ന, IMF-ൽ പ്രവർത്തിക്കുന്ന, ഇതിന്റെ പല സമിതികളിലും പ്രവർത്തിക്കുന്ന ആളുകൾ ചൂണ്ടിക്കാണിച്ച ഒരു വസ്തുത ഞാൻ ഓർക്കുകയാണ്. ഇന്ത്യ ഇത്ര പെട്ടന്ന് നിയന്ത്രണങ്ങളൊന്നും എടുത്തുകളയേണ്ടതില്ല. ബഹുമാനപ്പെട്ട കെ. സി. ജോസഫ് ചൂണ്ടിക്കാണിച്ച കാര്യം, വളർച്ച പ്രാപിക്കാത്ത മൂന്നാം ലോക രാജ്യങ്ങളോടും വികസിത രാജ്യങ്ങളോടും ഒരേ സമീപനം സ്വീകരിക്കേണ്ട എന്ന ഒരു ചിന്ത ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. മാത്രമല്ല, ലോകത്ത് ഈ സമ്മേളനങ്ങൾ കൂടുമ്പോഴൊക്കെ ജനങ്ങൾ ഇതിനെതിരെ ശക്തമായ പ്രതിഷേധവുമായി വരുന്നുണ്ട്. ഏറ്റവും മോശമായ അവസ്ഥ കേരളത്തിനുണ്ടായാൽ വളരെ ആവേശപൂർവ്വം മറ്റു രാജ്യങ്ങൾ ചെയ്യാത്ത രീതിയിൽ ഇറക്കുമതി നിയന്ത്രണങ്ങൾ ഇല്ലാതാക്കാൻ ഇൻഡ്യ മുന്നോട്ടു വന്നു. സാർക്ക് കരാറിൽ, WTO കരാറിൽ വരാത്ത ചില കാര്യങ്ങളിൽ നമ്മൾ മുന്നോട്ടു വന്ന് ഇൻഡ്യാ ഗവൺമെന്റ് നിയന്ത്രണങ്ങൾ ഒഴിവാക്കി. നമ്മൾ കരുതിയത്, നമ്മളെ വിശ്വസിപ്പിച്ചത് എല്ലാ രാജ്യങ്ങളിലേയും കാർഷിക സബ്സിഡി ഒഴിവാക്കും. അവിടെ അവരുമായി മൽസരിക്കാൻ നമുക്ക് കഴിയുമെന്നാണ്. പത്രങ്ങളിൽ കണ്ട ഒരു കാര്യം, അമേരിക്കയിൽ കാർഷിക സബ്സിഡി ഒഴിവാക്കിയില്ലായെന്നാണ്. അവർക്ക് ഇതൊന്നും ബാധകമല്ല. നമ്മൾ ഇതൊക്കെ ഒഴിവാക്കുകയാണ്. കർഷകർക്ക് നൽകേണ്ട പ്രൊട്ടക്ഷൻ നൽകാൻ നമ്മൾ തയ്യാറാകുന്നില്ല എന്നത് ഒരു വസ്തുതയാണ്. ഡോ. സ്വാമിനാഥൻ കമ്മീഷൻ ഒരുപാട് കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. നാളികേരത്തിന്റെ ഇറക്കുമതി നികുതി കൂട്ടുന്ന കാര്യം നമ്മൾ ചിന്തിക്കേണ്ടതാണ്. കോക്കനട്ട് എസ്റ്റേറ്റ് സ്ഥാപിക്കാൻ, കുരുമുളകിന് പ്രാധാന്യം കൊടുക്കേണ്ട കാര്യം, റബ്ബർ ഇറക്കുമതിയിൽ നിയന്ത്രണം വരുത്തേണ്ട കാര്യം, കേരളാ ഗവൺമെന്റ് ചെയ്യേണ്ട കാര്യത്തെക്കുറിച്ച്, കേന്ദ്ര ഗവൺമെന്റ് ചെയ്യേണ്ട കാര്യത്തെക്കുറിച്ച് WTO-യുടെ മുമ്പിൽ നമ്മൾ വയ്ക്കേണ്ട നിർദ്ദേശങ്ങളെക്കുറിച്ചെല്ലാം ഇവിടെ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. അതെല്ലാം നേടിയെടുക്കാനുള്ള ശ്രമങ്ങൾ തുടങ്ങാൻ ഈ ചർച്ച ഒരു കാരണമായി തീരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. വെറുതെ ഇവിടെ ചർച്ച ചെയ്തുപോയാൽ കേരളത്തിലെ കൃഷിക്കാരുടെ കാര്യങ്ങൾ ശരിയാകുകയില്ല. ഈ ചർച്ച യ്ക്കുശേഷം നമുക്ക് ചില ആക്ഷൻസ് ഉണ്ടാകണം. അതിനുള്ള ശ്രമങ്ങൾ നമ്മൾ നടത്തണം. WTO-യുടെ കരാർകൊണ്ടു മാത്രമല്ല, കേരളത്തിലെ കൃഷി നശിച്ചത് എന്നുള്ളത് നമ്മൾ മനസ്സിലാക്കണം. ഈ കരാർ വരുന്നതിനുമുമ്പ് കാർഷിക മേഖല തകർന്നിട്ടുണ്ട്. ഗവൺമെന്റിന് കാർഷിക മേഖലയെ തകർച്ചയിൽനിന്ന് രക്ഷപ്പെടുത്താനുള്ള ബാധ്യതയുണ്ട്. അതിന് ഗവൺമെന്റ് ഭഗീരഥയത്നം നടത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

• ശ്രീ. സ്റ്റീഫൻ ജോർജ്: സർ, കേരളത്തിലെ ഇന്നത്തെ കൃഷി രീതിക്ക് മാറ്റം വരുത്തി, ജൈവ കൃഷിയിലേക്ക് പോകണമെന്ന് ഡോ. എം. എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ നിർദ്ദേശിക്കുന്നുണ്ട്. അതിന്റെ പ്രാധാന്യത്തെക്കുറിച്ച് ഞാൻ പറയാതെ എല്ലാവർക്കുമറിയാം. സോക്രട്ടീസ് യുവാക്കളെ വഴിതെറ്റിക്കുന്നു എന്നു പറഞ്ഞുകൊണ്ട് ഗ്രീസിൽ പുരോഹിത വർഗ്ഗം അദ്ദേഹത്തെ വധശിക്ഷയ്ക്ക് വിധിച്ചു. വധശിക്ഷ സമയത്ത് അദ്ദേഹത്തിന് നൽകിയത് ഹെംലറ്റ് എന്നു പറയുന്ന മാരകമായ വിഷമാണ്. വിഷം നൽകിയ ചഷകം എത്രയുംവേഗം ശൂന്യമാക്കിയിരിക്കുമ്പോഴാണ് അദ്ദേഹം കൊടുത്തുതീർക്കാനുള്ള കടത്തെക്കുറിച്ച് ഓർമ്മ വന്നത്. തന്റെ പ്രിയപ്പെട്ട ശിഷ്യനെ വിളിച്ച് താൻ പ്രൊക്യൂസ്റ്റസിന് ഒരു കോഴിയെ കൊടുക്കാനുണ്ടെന്നും അത് കൊടുക്കണമെന്നും പറഞ്ഞ് ചുമതലപ്പെടുത്തിയ ഒരു സംഭവമുണ്ടായി. ഇത് പറയാനുള്ള അവസരം സോക്രട്ടീസിന് കിട്ടി. പക്ഷേ കേരളത്തിലെ കൃഷിക്കാർ ഇന്നത്തെ കൃഷിരീതി കൊണ്ട് അനുദിനം വിഷബാധ ഏൽക്കുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ എത്തിനിൽക്കുകയാണ്. മുലപ്പാൽപോലും ശുദ്ധമാണെന്ന് പറയാൻ കഴിയാത്ത സാഹചര്യമുണ്ട്. പരിശോധനയിൽ മുലപ്പാലിൽപ്പോലും ഡി.ഡി.റ്റി.-യുടേയും മറ്റും വിഷാംശമുണ്ടെന്ന് തെളിയിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഈ സാഹചര്യത്തിൽ ജൈവ കൃഷിയിലേയ്ക്ക് നമ്മളെ മാറ്റാൻ, കേരളത്തിലെ കൃഷിക്കാരെ ക്രമീകരിക്കാൻ ഈ റിപ്പോർട്ട് തീർച്ചയായും സഹായകരമാണെന്നാണ് ഞാൻ കരുതുന്നത്. ഈ റിപ്പോർട്ടിൽ 16-ാം പേജിൽ ലാസ്റ്റ് പാരഗ്രാഫിൽ 50 ശതമാനത്തിൽ കൂടുതൽ കാർഷികവൃത്തിയെ ആശ്രയിച്ച് ജീവിക്കുന്ന ജനസംഖ്യയുള്ള ഡെവലപ്പിംഗ് രാജ്യങ്ങളിൽ അവരുടെ പ്രശ്നങ്ങൾ വേണ്ടവിധത്തിൽ വേൾഡ് ട്രേഡ് ഓർഗനൈസേഷനിൽ അവതരിപ്പിക്കാൻ കഴിഞ്ഞാൽ തീർച്ചയായും ഇന്ന് ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയും. കാണ്ടിറ്റേറ്റീവ് റെസ്ട്രിക്ഷൻ വഴിയും താരിഫ് ബൗണ്ട് റേറ്റ് വർദ്ധിപ്പിക്കുന്നതു വഴിയും തീർച്ചയായും ഇത് നടത്താൻ കഴിയുമെന്ന് റിപ്പോർട്ടിൽ വളരെ വ്യക്തമായി സൂചിപ്പിക്കുന്നു. വരുന്ന സെപ്റ്റംബർ മാസം മെക്സിക്കോയിൽ നടക്കുന്ന യോഗത്തിൽ വളരെ ഗൗരവമായി കേരളത്തിലെ കൃഷിക്കാരുടെ പ്രശ്നങ്ങൾ അവതരിപ്പിക്കാനും ഇതിന് പരിഹാരം ഉണ്ടാക്കാനും കഴിയണം. ഇതിനു മുമ്പും കഴിഞ്ഞിട്ടുണ്ട്. 1995-ൽ WTO രൂപം കൊള്ളുന്ന സമയത്ത് ചൈനയിൽനിന്ന് ഇന്ത്യയിലേയ്ക്ക് ചൈനീസ് ആപ്പിൾ ഇറക്കുമതി ചെയ്തു. അത് നമ്മുടെ ഹിമാചൽ പ്രദേശിലേയും കാശ്മീരിലേയും ആപ്പിൾ കൃഷിക്കാരെ ബാധിച്ചു എന്നു കണ്ടപ്പോൾ ഹിമാചൽ കാർഷിക സർവ്വകലാശാല ഇതിനെക്കുറിച്ച് പഠനം നടത്തുകയും ഇൻഡ്യയിൽ ഇല്ലാത്ത രോഗം, പുതിയ രണ്ടിനം ഫംഗസിലൂടെ ഇൻഡ്യയിൽ ഉണ്ടാകുമെന്ന് നിർദ്ദേശം കൊടുത്തപ്പോൾ ആ ഇറക്കുമതി അവസാനിപ്പിക്കാൻ തീരുമാനമെടുത്തു. ഇതിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നത് ഇൻഡ്യ ഇന്ന് അനുഭവിക്കുന്ന, കേരളത്തിലെ സാധാരണക്കാർ, കൃഷിക്കാർ അനുഭവിക്കുന്ന, പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ വളരെ ശ്രദ്ധാപൂർവ്വം മുന്നോട്ടുപോയാൽ നമുക്ക് കഴിയും എന്നാണ്. കമ്മീഷൻ റിപ്പോർട്ടിൽ വ്യക്തമായി പറയുന്നു Policy makers in Government of India who deal with our interest in WTO should be sensitized in such issues എന്ന്. നമ്മളെ പ്രതിനിധീകരിക്കുന്ന ആളുകൾ ഈ നിലയ്ക്ക് അവബോധത്തോടുകൂടി, ഇതിന്റെ നൂലാമാലകൾ, നിയമവശങ്ങൾ മുഴുവൻ മനസ്സിലാക്കി കാര്യങ്ങൾ അവതരിപ്പിക്കാൻ കഴിഞ്ഞാൽ കേരളത്തിലെ കാർഷിക മേഖലയിലും കാർഷിക ചെറുകിട കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടിൽനിന്നും എത്രയും വേഗം കേരളത്തെ രക്ഷിക്കാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. സബ്സിഡി നിർത്തലാക്കിയതിന്റെ കാര്യം പറയുന്നു. സബ്സിഡി നിർത്തലാക്കിയ ശേഷവും അമേരിക്ക വേറൊരു

LIBRARY ARCHIVES Kerala Legislative Assembly

രൂപത്തിൽ സാധാരണക്കാർക്കും കൃഷിക്കാർക്കും പാവപ്പെട്ടവർക്കും സബ്സീഡി നൽകുന്നു. ട്രാൻസ്പോർട്ട് സബ്സിഡി, പാക്കേജ് സബ്സിഡി എന്നൊക്കെയുള്ള പേരുകളാണ് അവർ വിളിക്കുന്നത്. നമ്മളിപ്പോൾ സബ്സിഡി നിർത്തലാക്കിയിരിക്കുകയാണ്. ആ നിയമങ്ങളും സാഹചര്യങ്ങളും പ്രയോജനങ്ങളും ഉൾപ്പെടുത്തി നിലവിലുള്ള സബ്സിഡി എന്ന വാക്ക് മാറ്റി പകരമായി കേരളത്തിൽ ചെറുകിട കൃഷിക്കാരെ സഹായിക്കാൻ കഴിയുന്ന വിധത്തിലുള്ള സബ്സിഡി ഏർപ്പെടുത്താൻ തീർച്ചയായും നിയമമുണ്ട്. ആ നിലയിൽ ഇത് രൂപപ്പെടുത്താൻ കഴിയണം. കേരള ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി കേരളത്തിലെ കൃഷിക്കാരെ സംരക്ഷിക്കാനുള്ള നടപടി ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: സർ, ഞാൻ അവതരിപ്പിച്ച അനൗദ്യോഗികപ്രമേയമാണ് ഇപ്രകാരമൊരു ചർച്ചയ്ക്ക് വഴിയൊരുക്കിയത് എന്നതിൽ എനിക്ക് കൃതാർത്ഥതയുണ്ട്. ആ സന്ദർഭത്തിലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്രകാരമൊരു ചർച്ച നടത്താമെന്ന് പറഞ്ഞത്. ആ ചർച്ചയ്ക്ക് അവസരം അനുവദിച്ച ബഹുമാനപ്പെട്ട സ്പീക്കറോടുള്ള നന്ദി ഞാൻ ഈ സന്ദർഭത്തിൽ രേഖപ്പെടുത്തുന്നു. അതിനനുബന്ധമായി 30/7-ൽ ശ്രീ പി. ജെ. ജോയിയും ഞാനും ചോദിച്ച ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുകയും ചെയ്തു. കാർഷിക പുരോഗതിയും വ്യാവസായിക പുരോഗതിയും കയറ്റുമതി വർദ്ധനവും ഈ റിപ്പോർട്ടിന്റെ നടത്തിപ്പിലൂടെ ഗണ്യമായ പുരോഗതിയുണ്ടാക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. വരുന്ന 50 വർഷക്കാലത്തേക്കുള്ള കേരളത്തിലെ കാർഷിക രംഗത്തെ ഒരു മാസ്റ്റർ പ്ലാനായി ഇതിനെ കാണണമെന്നാണ് എന്റെ അഭ്യർത്ഥന. കേരളത്തിലെ അഗ്രിക്കൾച്ചർ റീ-എൻജിനീയറിംഗ് പ്രോഗ്രാമായിരിക്കണം സ്വാമിനാഥൻ കമ്മീഷന്റെ റിപ്പോർട്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽ പറഞ്ഞത് ഡബ്ല്യു.ടി.ഒ. സെൽ ഉണ്ടാക്കും എന്നാണ്. ആ സെൽ ഉണ്ടാക്കുമ്പോൾ ആ സെല്ലിൽ ഒരു ഉന്നതാധികാര സ്റ്റാന്റിംഗ് കൗൺസിൽ ഉണ്ടാക്കണം. മുഖ്യമന്ത്രി ആയിരിക്കണം ചെയർമാൻ. കൃഷി വകുപ്പുമന്ത്രിയായിരിക്കണം വൈസ് ചെയർമാൻ. അതിന് എല്ലാ വിഷയങ്ങളെ സംബന്ധിച്ചും പ്രാവർത്തികമാക്കാനുള്ള ടാസ്ക്ക് ഫോഴ്സിനെ നിയമിക്കുവാൻ ആ സമിതിക്ക് കഴിയണം. ജൈവകൃഷിയെക്കുറിച്ച്, ഔഷധവാലിയെക്കുറിച്ച്, വെർച്വൽ യൂണിവേഴ്സിറ്റിയെക്കുറിച്ച്, ആയുർവ്വേദത്തെക്കുറിച്ച്, വെച്ചൂർ പശുവിനെക്കുറിച്ച്, മലബാറി ആടിനെക്കുറിച്ച്, തുടങ്ങി അന്യം നിന്നുപോകുന്ന നമ്മുടെ ജൈവവൈവിധ്യത്തെക്കുറിച്ച്, ബ്രീഡുകളെക്കുറിച്ച് ആവശ്യമായ ഒരു സമഗ്രപഠനപദ്ധതി ഈ ചർച്ചയ്ക്ക് അനുബന്ധമായി ഉണ്ടാകുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. മുഖ്യമന്ത്രി പറഞ്ഞത്, കയറ്റുമതി പ്രോൽസാഹിപ്പിക്കാൻ ഒരു അഗ്രിക്കൾച്ചർ എക്സ്പോർട്ട് സോൺ ഉണ്ടാക്കുമെന്നാണ്. കയറ്റുമതി രംഗത്ത് എന്നും കുത്തകകൾ നിലനിൽക്കുന്നു. പാവപ്പെട്ട കൃഷിക്കാരെ സഹായിക്കാൻ ആ രംഗത്തും ശ്രദ്ധേയമായ ചില പരിപാടികൾ തയ്യാറാക്കാൻ മുന്നോട്ടുവരണമെന്നാണ് എന്റെ നിർദ്ദേശം. അതിനുവേണ്ടി ഇൻഫോർമൽ കോ-ഓപ്പറേറ്റീവ് അല്ലെങ്കിൽ പ്രൊഫഷണൽ കോ-ഓപ്പറേറീവ് ഈ രംഗത്തുണ്ടാക്കാൻ വേണ്ടി ഈ ഗവൺമെന്റ് തയ്യാറാകുമെന്ന് പ്രത്യാശിക്കുന്നു. നമുക്കറിയാം ശ്രീലങ്കയിൽ നിന്നുമാണ് ഇവിടേക്ക് കുരുമുളക് വരുന്നത്. ഇന്തോനേഷ്യയിൽ നിന്നുമാണ് തേയില ഇറക്കുമതി ചെയ്യുന്നത്. ഞാൻ അനൗദ്യോഗികപ്രമേയം അവതരിപ്പിച്ച് സൂചിപ്പിച്ചതുപോലെ സാർക്ക് free trade-ന്റെ അടിസ്ഥാനത്തിൽ ശ്രീലങ്കയിൽനിന്നും ഈ സംസ്ഥാനത്തു വരുന്ന അല്ലെങ്കിൽ ഈ രാജ്യത്ത് വരുന്ന തേയില തന്നെ വീണ്ടും ഇവിടെനിന്നും കയറ്റുമതി ചെയ്യുന്നു. ശ്രീലങ്കയിൽ ഉൽപ്പാദിപ്പിക്കുന്നതിനേക്കാൾ കൂടുതൽ തേയില

LIBRARY ARCHIVES Kerala Legislative Assembly

കയറ്റുമതി ചെയ്യുന്നു എന്നുള്ള യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ട് ആ രംഗത്ത് നിയന്ത്രണ മുണ്ടാക്കുവാൻ കഴിയണം. നമ്മുടെ സ്വാഭാവിക റബ്ബറിനെ ഇന്നും വ്യാവസായികോല്പന്ന മായിട്ടാണ് കാണുന്നത്. അതിന് 40 ശതമാനം ആണ് തീരുവ ഏർപ്പെടുത്തിയിരി
1.00 P.M.] ക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ സ്വാഭാവിക റബ്ബറിനെ കാർഷി കോല്പന്നമെന്ന നിലയിൽ കണ്ടുകൊണ്ട് ഇറക്കുമതി തീരുവ വർദ്ധിപ്പിച്ച് ഇവിടുത്തെ റബ്ബർ കൃഷിക്കാരെ സഹായിക്കുവാനും സംരക്ഷിക്കുവാനും നമുക്ക് കഴിയണം. എണ്ണക്കുരുവിനെ സംബന്ധിച്ച്, ഭക്ഷ്യ എണ്ണയെ സംബന്ധിച്ച് ആവശ്യമായ ഇറക്കുമതി തീരുവ വർദ്ധിപ്പിക്കുമ്പോൾ ഇവിടെ വെളിച്ചെണ്ണയുടെ വില വർദ്ധിപ്പിക്കുവാൻ നമുക്ക് കഴിയും. വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് നമ്മുടെ ആയുർവ്വേദത്തെ സംബന്ധിച്ചുള്ളത്, ഔഷധ സസ്യത്തെ സംബന്ധിച്ചുള്ളത്. ഭാരതത്തിന്റെ തനതായ ആയുർവ്വേദമെന്നു പറയുന്നത് 5-ാം വേദമാണെന്ന് ചിലർ വിശ്വസിക്കുന്നുണ്ട്. ആ ആയുർവ്വേദത്തിന്റെ മഹത്വം ഇന്ന് ലോക മെമ്പാടും അംഗീകരിച്ചിരിക്കുന്ന സാഹചര്യത്തിൽ അതിനെ വേണ്ടവിധത്തിൽ വിനി യോഗിക്കാൻ കേരളത്തിന്റേതായ, ഭാരതത്തിന്റേതായ തനതു പൈതൃകം സൂക്ഷിക്കാനുള്ള നടപടികളുണ്ടാകണം. ഞാൻ ഈ സന്ദർഭത്തിൽ ഒരു കാര്യം ഓർക്കുന്നു, ഹോളിവുഡിന്റെ പ്രഥമ മലയാളി സംവിധായകനും എന്റെ നാട്ടുകാരനും കൂടിയായ ശ്രീ. രാജീവ് അഞ്ചൽ ഒരു ചിത്രം ഇപ്പോൾ ഹോളിവുഡിൽ നിർമ്മിച്ച് അതിന്റെ പ്രദർശനം തുടങ്ങാൻ പോകുന്നു. "Beyond the Soul" എന്നാണ് അതിന്റെ പേര്. നമ്മുടെ ആയുർവ്വേദത്തെ സംബന്ധിച്ച് നമ്മുടെ അഷ്ടാംഗഹൃദയത്തെ സംബന്ധിച്ച് നമ്മുടെ അതീന്ദ്രിയ ധ്യാനത്തെ സംബന്ധിച്ച് ഉള്ള കാര്യങ്ങളാണ് സിനിമയുടെ ഇതിവൃത്തം എന്നു കേൾക്കുന്നു. നമ്മുടെ ഈ രംഗത്തു ണ്ടാകുന്ന വെല്ലുവിളികൾക്കുനേരെ ചോദ്യചിഹ്നമായി നിൽക്കുന്ന വൈതരണികളെ നേരിടാൻ നമുക്ക് കഴിയണം. ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. ഈ രംഗത്ത് വൈവിദ്ധ്യ വൽക്കരണമുണ്ടാക്കുന്നതിനാവശ്യമായ സമഗ്ര പരിപാടികളുണ്ടാകണം. ഉദാഹരണത്തിന് മഹാരാഷ്ട്രയിൽ കർഷകന്റേതായ ഒരു സ്ഥാപനം ഒരുല്പന്നം ഇന്ന് രംഗത്തിറക്കുന്നുണ്ട്. "Maha Grapes" എന്നാണ് അതിന്റെ പേര്. മുന്തിരി കൃഷിക്കാരുണ്ടാക്കുന്ന ആ ഉല്പന്നം വിദേശത്താണെങ്കിലും സ്വദേശത്താണെങ്കിലും ഏറ്റവും കൂടുതൽ അംഗീകാരമുണ്ടാ യിരിക്കുന്നു. അതുപോലെ നമ്മുടെ കർഷകരെ സഹായിക്കാനാവശ്യമായ സമഗ്ര പരിപാടി യുണ്ടാകണം. കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിയതുപോലെ ഒരു വിലസ്ഥിരതാ ഫണ്ട് നടപ്പാക്കുവാൻ ഈ ഗവൺമെന്റിന് കഴിയണം. തെങ്ങ്, റബ്ബർ, തേയില, കാപ്പി, ഏലം ഇവയെല്ലാംതന്നെ പുനർ നടീലിന് ആവശ്യമായിട്ടുള്ള ഒരു revolving fund ഉണ്ടാക്കുന്നതി നാവശ്യമായ പദ്ധതി ആവിഷ്ക്കരിക്കണം. ഇതിനെ സംബന്ധിച്ചുള്ള സമഗ്ര ചർച്ചയ്ക്കായി ശ്രീ. കെ. സി. ജോസഫ് ചൂണ്ടിക്കാണിച്ചതുപോലെ ഒരു സർവ്വകക്ഷി സംഘം കേന്ദ്ര ഗവൺമെന്റിന് നിവേദനം നടത്തണം. 45 ശതമാനം കയറ്റുമതി നടത്തുന്ന കാർഷിക ഉല്പന്നം ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനത്തിന്റെ ഉടമകൾ എന്നുള്ള നിലയിൽ കേന്ദ്ര ഗവൺ മെന്റിനെക്കൊണ്ട് W.T.O.-യുടെ സമിതികളിൽ നമ്മുടെ ആധിപത്യം ഉറപ്പാക്കണം. ആ ഉത്തരവാദിത്വം ഏറ്റെടുക്കുവാൻ ഈ ചർച്ച ഉപകരിക്കുമെന്ന് പ്രത്യാശിച്ചുകൊണ്ട് ഞാൻ നിർത്തുന്നു, നന്ദി.

ശ്രീ. സി. കെ. നാണു: സർ, പ്രധാനമായും നമ്മുടെ പേറ്റന്റിന്റെ പ്രശ്നമാണ് ഞാൻ പറയുന്നത്. നമ്മുടെ നാട്ടിലെ ആദിവാസികൾക്കും അതുപോലെയുള്ളവർക്കും ആയുർവ്വേദത്തിന് പേറ്റന്റ് ചെയ്യാൻ വിദേശ രാജ്യങ്ങൾ സന്നദ്ധമാകുന്നു. അതിന്റെ ഭവിഷ്യത്ത് നമ്മുടെ രാജ്യങ്ങളിലെ ആദിവാസികളേയും അതുപോലെ ആയുർവ്വേദ മേഖല

LIBRARY ARCHIVES Kerala Legislative Assembly

കളിലുള്ളവരേയും ബോധ്യപ്പെടുത്തുന്നതിനാവശ്യമായ ഫലപ്രദമായ നടപടികൾ ഉണ്ടാകണം. സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ ആ മേഖലയിൽ സംരക്ഷിക്കാൻ സംസ്ഥാന ഗവൺമെന്റിന് എന്തു ചെയ്യാൻ സാധിക്കുമെന്നുള്ളത് സംബന്ധിച്ച് ഗവൺമെന്റ് ഗൗരവ മായി ആലോചിക്കുമോ? അതുപോലെതന്നെ നമ്മുടെ ഭക്ഷ്യവിളയായ നെല്ലിന്റെ ഉല്പാദനം വർഷംതോറും കുറഞ്ഞുവരുന്നു. ഈ പുതിയ സ്ാഹചര്യത്തിൽ നെല്ലിന്റെ ഉല്പാദനം കുറയുന്ന രൂപത്തിലുള്ള ഒരു സമീപനം സ്വീകരിക്കാതെ ഭക്ഷ്യ ഉല്പന്നങ്ങളുടെ, പ്രത്യേകിച്ച് നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സഹായകരമായ രൂപത്തിൽ എന്ത് ചെയ്യാൻ സാധിക്കും? സബ്സിഡികൾ വരുന്ന അവസരത്തിൽ വിദേശത്ത് അവർ പല തരത്തിലുള്ള ആനുകൂല്യങ്ങളും അവിടുത്തെ കൃഷിക്കാർക്ക് കൊടുത്ത്, അവിടേക്ക് അരി ഇറക്കുമതി ചെയ്യുന്ന അവസരത്തിൽ നമ്മുടെ നെൽകൃഷിക്കാരെ എങ്ങനെ സഹായിക്കാൻ കഴിയും? അതിനുള്ള ഫലപ്രദമായ നടപടികൾ ഉണ്ടാക്കാൻ, നെൽകൃഷിക്കാരുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ ഈ അവസരത്തിൽ എങ്ങനെ പരിശ്രമിക്കാൻ സാധിക്കും?

ശ്രീ. എ. എൻ. രാജൻ ബാബു: സർ, പ്രധാനമായും 300 ശതമാനംവരെ Bound rate apply ചെയ്യുന്നത് 75 ശതമാനത്തിൽ നിർത്തി, പിന്നീട് 65 ശതമാനമായി 2001-ൽ കുറയുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ദൂഷ്യഫലങ്ങൾ കുറയ്ക്കാനായി ഈ എഗ്രിമെന്റിന്റെ അനുവദിക്കപ്പെടുന്ന മാക്സിമം റേറ്റുതന്നെ import duty impose ചെയ്തുകൊണ്ട് നമ്മുടെ കാർഷികോല്പന്നങ്ങൾ വിദേശ രാജ്യങ്ങളിലെ കാർഷികോല്പന്നങ്ങളുമായി കിടപിടിക്ക ത്തക്കവണ്ണം അതിന് കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് നടപടികളുണ്ടാകണം. അതുപോലെ തന്നെ റബ്ബർ, കയർ എന്നിവ പ്രാഥമിക കാർഷികോല്പന്നങ്ങളാണെങ്കിൽപോലും അത് എ.ഒ.എ.-യിൽ ഉൾപ്പെടുത്താതെ കിടക്കുകയാണ്. നമ്മുടെ പ്രധാന പ്രോഡക്ടുകളായ റബ്ബർ, കയർ ഇവ ഇൻഡസ്ട്രിയൽ പ്രോഡക്ടിൽനിന്നും അഗ്രിക്കൾച്ചറിന്റെ പരിധിയിലേക്ക് കൊണ്ടു വരണമെന്നുള്ളതാണ്. അതുപോലെതന്നെ 300 ശതമാനം import duty എഡിബിൾ ഓയിലിന് impose ചെയ്യാനുള്ളപ്പോൾത്തന്നെ അമേരിക്കയുടെ കുത്തകയ്ക്കുവേണ്ടി സോയാബീനിന്റെ ഇറക്കുമതിക്ക് 45 ശതമാനമായി restrict ചെയ്തിരിക്കുകയാണ്. ആ തരത്തിലുള്ള മാറ്റത്തിനുവേണ്ടി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം.

ഡോ. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട കെ. സി. ജോസഫിന്റെ പ്രമേയാ വതരണം ഞാൻ വളരെ കൗതുകപരമായി ശ്രദ്ധിക്കുകയായിരുന്നു. ഇപ്പോൾ മുഖ്യമന്ത്രിയെ അനുകൂലിച്ച് എല്ലാവരും അവസാനത്തെ ബസ് വിട്ടുപോകുന്നതിനെക്കുറിച്ചാണ് പറയുന്നത്. ഇതുകേട്ടാൽ തോന്നും ഞങ്ങളാരോ ആണ് ഈ ബസ്സിൽ കയറാൻ തടസ്സം നിൽക്കുന്ന തെന്ന്. ബഹുമാനപ്പെട്ട കെ. സി. ജോസഫ് മനസ്സിലാക്കേണ്ടത് ലാസ്റ്റ് ബസ് പോയിട്ട് ദിവസമെത്രയായി? നിങ്ങൾ ഉറങ്ങുകയായിരുന്നു, നിങ്ങളുടെ സർക്കാരും ഉറങ്ങുക യായിരുന്നു. അന്തർദേശീയ കരാറുകളുടെ ചർച്ചയിൽ ഈ അവസാന നിമിഷം കൊണ്ടു പോയി പുതിയ ഇഷ്യൂസ് ഒന്നും റെയ്സ് ചെയ്യാൻ കഴിയില്ല. ഈ അടുത്ത മാസം മിനിസ്റ്റീരിയൽ ചർച്ചയാണ് കരാർ പുതുക്കി ഒപ്പു വയ്ക്കുന്നത്. കഴിഞ്ഞ ഡിസംബറിൽ ഈ ചർച്ചയുടെ ചിട്ടവട്ടങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിനെ ഏൽപ്പിച്ചു. ഇവിടെ ബഹുമാനപ്പെട്ട പി. പി. ജോർജ് പറഞ്ഞതുപോലെ ഈ കമ്മീഷൻതന്നെ 4 interim report-കൾ നൽകി. അതിൽ രണ്ട് interim report-കൾ ഈ കരാർ ചർച്ചയിൽ എങ്ങനെ വേണം ഇന്ത്യ പങ്കെടുക്കാനെന്നതിനെക്കുറിച്ചായിരുന്നു. അതിൽ 4-ാമത്തെ റിപ്പോർട്ടിൽ വളരെ വിശദമായിട്ടുള്ള നിർദ്ദേശങ്ങളാണ്. ഇതിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സർക്കാർ സ്വീകരിച്ചുവെന്ന് കഴിഞ്ഞ ദിവസം ധനകാര്യ വകുപ്പുമന്ത്രിയോട് നിയമസഭയിൽ ചോദിച്ചപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം പറഞ്ഞത് നിവേദനം കൊടുത്തിട്ടുണ്ടെന്നാണ്. നിവേദനത്തിന്റെ കാര്യങ്ങളൊന്നും ഞങ്ങൾ അറിഞ്ഞിട്ടില്ല. ഇനി കൊടുത്തു എന്നുതന്നെയിരിക്കട്ടെ, കേരള സർക്കാർ സ്വാമിനാഥൻ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുന്നോട്ടുവച്ച negotiation position-ൽ ഏതെങ്കിലുമൊന്ന് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ? Market Access-നെ സംബന്ധിച്ച് എന്താണ് ഡോ. സ്വാമിനാഥൻ കമ്മീഷൻ പറഞ്ഞത്? Bound rate-ഉം Applied tariff rate-ഉം തമ്മിലുള്ള വ്യത്യാസം മാത്രമല്ല, ഈ bound rate structure തന്നെ മാറണം എന്നാണ്. സോയാബീന് 45 ശതമാനം ബൗണ്ട് റേറ്റ് വച്ചുകഴിഞ്ഞാൽ അതിന്റെ substitute ആയ പാമോയിലിന് അതിൽ കൂടുതൽ വയ്ക്കാൻ കഴിയുമോ? പാമോയിലിന് 45 ശതമാനം ആണെങ്കിൽ പിന്നെ വെളിച്ചെണ്ണയ്ക്ക് അതിനപ്പുറത്തേക്ക് കൊണ്ടുപോകാൻ കഴിയുമോ? അതുകൊണ്ട് ഡോ. സ്വാമിനാഥൻ കമ്മീഷന്റെ പ്രധാനപ്പെട്ട നിർദ്ദേശങ്ങളിൽ ഒന്ന്, Bound rate structure തന്നെ പരിശോധിക്കേണ്ടതുണ്ട് എന്നാണ്. രണ്ട്, Sanitary and Phytosanitary conditions അത് ഏകപക്ഷീയമായി ഇന്ന് വികസിത രാജ്യങ്ങൾ തീരുമാനിച്ചുകൊണ്ടിരിക്കുകയാണ്, അത് കരാറിന്റെ ഭാഗമായി തീരണം. Multi-functionality of Agriculture അത് വിശദീകരിച്ചുകൊണ്ടാണ് യൂറോപ്യൻ യൂണിയൻ സബ്സിഡി നൽകുന്നത്. അതിന് code of conduct-ഉം വേണം. കേരളത്തിലെ tree crops-ന്റെ gestation period നീണ്ടതാണ്, അതിന് പ്രത്യേകം ഒഴിവു വാങ്ങണം. Livelihood Security Box, ഈ പറഞ്ഞ നിർദ്ദേശങ്ങളിലേതെങ്കിലും ഒന്ന് negotiation-ൽ കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുണ്ടോ? കേരളം തുടർച്ചയായി പറഞ്ഞു വന്നത്, പ്രധാനമന്ത്രി ഇവിടെ വന്ന് പ്രഖ്യാപിച്ചത്, നമ്മുടെ റബ്ബർ വ്യാവസായികോല്പന്നമല്ല, അത് കാർഷികോല്പന്നമാക്കണമെന്നു പറഞ്ഞതുപോലും ഇതൊന്നും കേന്ദ്ര സർക്കാർ അംഗീകരിക്കുന്നില്ലെന്ന് കൊമേഴ്സ് സെക്രട്ടറി മൂന്നുമാസം മുമ്പ് പരസ്യമായി പ്രഖ്യാപിച്ചില്ലേ? കേരള സർക്കാർ പ്രതിഷേധിച്ചുവോ? കേരളത്തിന്റെ ഡിമാൻഡ് ഇതാണ്, നിങ്ങൾ വച്ച കമ്മീഷന്റെ നിലപാടുകൾപോലും നിങ്ങൾ own up ചെയ്തില്ല എന്നുള്ളതല്ലേ സത്യം? Aggregate Support Measure-ന്റെ വിശദമായ കണക്കുകൾ ഉണ്ട്. ഒരു ദിവസം ഒരു ബില്യൻ ഡോളറാണ് O.E.C.D. രാജ്യങ്ങൾ സബ്സിഡി കൊടുക്കുന്നത്. കരാർ വന്നു കഴിഞ്ഞു. കഴിഞ്ഞ എട്ടു വർഷത്തിനുള്ളിൽ സബ്സിഡി കൂടി. കാരണമെന്താണ്? സബ്സിഡികൾക്കു നൽകിയിരിക്കുന്ന ഇളവുകൾ അവർക്കേ ഉപയോഗിക്കാൻ പറ്റൂ. എല്ലാ സബ്സിഡിയും ഒരുപോലെയല്ല. Directly trade distorting subsidy, അത് Red Box-ൽ പെടുന്നതാണ്. ഒരു കാരണവശാലും അനുവദിക്കാൻ പാടില്ല. ഉദാഹരണത്തിന് ഫെർട്ടിലൈസറിനും ഇറിഗേഷനും വൈദ്യുതിക്കും ഡയറക്ടായി നൽകുന്ന സബ്സിഡികൾ trade distorting ആണ്. അതേസമയം കൃഷിക്കാർക്ക് ലംപ്സമായി നൽകുന്ന സബ്സിഡി trade distorting അല്ല. അതുകൊണ്ട് Green Box-ലാണ് പെടുന്നത്. കൃഷിക്കാർക്ക് ഡയറക്ടായി നൽകാതെ ഒരു ഏക്കറിന് ഇത്ര രൂപ വച്ച് നൽകിക്കഴിഞ്ഞാൽ അത് trade distorting അല്ല. സ്വല്പം ഉണ്ട്. അതിനെ Blue Box-ൽ പെടുത്തും. സ്വാമിനാഥൻ കമ്മീഷന്റെ ഏറ്റവും പ്രധാനപ്പെട്ട നിർദ്ദേശങ്ങളിൽ ഒന്നാണ് ഇത്തരത്തിലുള്ള വിവേചനം, O.E.C.D. രാജ്യങ്ങൾക്കനുകൂലമായ വിവേചനം ഈ സബ്സിഡി നിർണ്ണയിക്കുന്നതിലുള്ളത് നീക്കം ചെയ്യണം. അതിനുവേണ്ടിയുള്ള negotiation position എടുക്കണം. അതിന് അവർ സമ്മതിക്കുന്നില്ലെങ്കിൽ ഇവിടെ പറഞ്ഞതുപോലെ Livelihood Security Box-നുള്ള നിർദ്ദേശം നമ്മൾ വയ്ക്കണം. ഇന്ത്യാ സർക്കാരോ കേരള സർക്കാരോ ഇതു വേണമെന്നു പറഞ്ഞിട്ടുണ്ടോ? കേരള സർക്കാർ കേരളത്തിന്റെ ജീവനാഡിയാണെന്നാണല്ലോ പറയുന്നത്. കാർഷിക മേഖലയെ സംരക്ഷിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിനുവേണ്ടി ദോഹാവട്ട ചർച്ചകളിൽ എന്തു ചെയ്തു? ഒന്നും ചെയ്തിട്ടില്ലെന്നു മാത്രമല്ല, സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നു, ഈ ആഗോളവൽക്കരണത്തിന്റെ കാലയളവിലും കേരളത്തിലെ കാർഷിക മേഖലയെ രക്ഷിക്കുന്നതിനുവേണ്ടി സർക്കാർ പിൻവാങ്ങുകയല്ല വേണ്ടത്, കൂടുതൽ ഇടപെടുകയാണ് വേണ്ടത് എന്ന്. ഇങ്ങനെ പറയാൻ കാരണം, ഏതാണ്ട് ഒരു വർഷം മുമ്പ് ഇക്കാര്യം സഭയിൽ ഉന്നയിച്ചപ്പോൾ അതിനെതിരായി ചില മറുപടി ബഹുമാനപ്പെട്ട മന്ത്രി നൽകുകയുണ്ടായി. 2000-01-ലെ അക്കൗണ്ട് ഫിഗേഴ്സാണ് ഞാൻ പറയുന്നത്. കൃഷിക്ക് പദ്ധതിയിൽ നീക്കിവച്ചത് 90 കോടി രൂപ, 2001-02-ൽ 73 കോടി രൂപ, കഴിഞ്ഞ വർഷം 67 കോടി രൂപ, 119 കോടി രൂപ വകയിരുത്തിയിട്ട് 67 കോടി രൂപ ചെലവഴിച്ചു എന്നാണ്. അവർ എടുത്തു പറഞ്ഞപ്പോൾ പറഞ്ഞത്, നോൺ പ്ലാൻ എക്സ്പെന്റിച്ചർ വലിയ കേമമായിട്ടു ചെലവഴിക്കുന്നുണ്ട്, അതുകൂടി കണക്കാക്കാത്തതുകൊണ്ടാണ് ഇങ്ങനെ വന്നിരിക്കുന്നത് എന്നാണ്. എന്നാൽ ഞാൻ പറഞ്ഞേക്കാം, 2000-മാണ്ടിൽ പ്ലാനും നോൺ പ്ലാനുമായി 698 കോടി രൂപ, 2000-01-ൽ 631 കോടി രൂപ. 2001-02-ൽ 516 കോടി രൂപ. കഴിഞ്ഞ വർഷം 530 കോടി രൂപ. ഡോ. സ്വാമിനാഥൻ കമ്മീഷൻ വച്ച നിർദ്ദേശങ്ങളെക്കുറിച്ച് ഒരുപാട് കാര്യങ്ങൾ പറഞ്ഞു. അതിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ഈ റിപ്പോർട്ട് നടപ്പാക്കണമെങ്കിൽ ബഡ്ജറ്റിൽ പണം നീക്കിവയ്ക്കണ്ടേ? ഇവിടെ നടന്ന പ്രസംഗങ്ങളിലൊന്നും ഈ ഡബ്ല്യു.ടി.ഒ. കരാർ കൊണ്ട് കേരളത്തിലെ കാർഷിക മേഖലയ്ക്ക് എന്തെങ്കിലും ഗുണം ഉണ്ടായി എന്നു ഒരാളും പറഞ്ഞു കേട്ടിട്ടില്ല. ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം നിയമസഭയിൽ മറുപടി പറഞ്ഞപ്പോൾ ആഗോളവൽക്കരണത്തിന്റെ 8 ഗുണങ്ങളേയും 5 ദോഷങ്ങളെയും കുറിച്ച് പറഞ്ഞു. എന്നാൽ കാർഷിക മേഖലയെ സംബന്ധിച്ചിടത്തോളം ദോഷമല്ലാതെ ഒരു ഗുണം ആരും പറഞ്ഞു കേട്ടിട്ടില്ല. ഈ കമ്മീഷൻ എത്തിച്ചേർന്ന നിഗമനവും ഇതുതന്നെയാണ്. 8 വർഷക്കാലത്തെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഒന്നാമത്തെ പാരഗ്രാഫിൽ പെടുത്തിയിരിക്കുന്നതിൽ എടുത്തു പറയുന്നു, നമ്മുടെ ലക്ഷ്യങ്ങളിൽ എത്തിയില്ല, പ്രതീക്ഷകൾ തകർന്നു, ഈ നാട്ടിലെ പാവപ്പെട്ടവന്റെ ജീവിതം കൂടുതൽ ദുരിതപൂർണ്ണമായിത്തീർന്നു. ഇത് പരിഹരിക്കുന്നതിനു വേണ്ടി നിങ്ങൾ നിയോഗിച്ച കമ്മീഷന്റെ നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിൽ എടുക്കുന്നതിന്, ദോഹാവട്ട ചർച്ചയിലെ നിർദ്ദേശങ്ങളാക്കി മാറ്റുന്നതിനു നിങ്ങൾ പൂർണ്ണമായും പരാജയപ്പെട്ടു. ഇതിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി മുൻകാലങ്ങളിൽ എന്നപോലെ കേവലമായിട്ട് absolute numbers, നിങ്ങൾ പണമുണ്ടാക്കി വയ്ക്കുന്നതിൽ പരാജയപ്പെട്ടു. കേരളത്തിലെ കൃഷിക്കാർ നിങ്ങൾക്ക് മാപ്പു തരില്ല.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, ചർച്ച വളരെ കുറച്ചു സമയമായതുകൊണ്ട്, കുരുടൻ ആനയെ കണ്ടതുപോലെയാണ് ചർച്ച വരുന്നത്. സാധാരണ ഇതുപോലെയുള്ള ഒരു റിപ്പോർട്ടിൽ ഒരു ദിവസത്തെ ചർച്ചയെങ്കിലും ഉണ്ടാകേണ്ടതാണ്. അതല്ലെങ്കിൽ അതിന്റെ വിശദാംശങ്ങളെ സംബന്ധിച്ച് ഓരോരുത്തർക്കും തോന്നുന്ന വിധത്തിൽ, റിപ്പോർട്ട് എന്താണ്, എഗ്രിമെന്റ് എന്താണ് എന്ന് അറിയാതെയാണ് സംസാരിക്കുന്നത്. ഗാട്ട് കരാർ 1948-ൽ ഒപ്പു വച്ചതാണ്. Tariff and rate അതാണ്. ഇന്ത്യ അതിൽ അംഗമാണ്. ആ കരാറിന്റേയും അതിനോട് അനുബന്ധമായി വന്ന നടപടികളുടെയും ഫലമായിട്ടാണ് 1995-ലെ എഗ്രിമെന്റിൽ അഗ്രിക്കൾച്ചറിനെപ്പറ്റി ഒപ്പു വയ്ക്കപ്പെട്ടത്. ഇത് ഒപ്പുവച്ച ഒരു കരാറാണ്. ഒപ്പുവയ്ക്കാത്തതല്ല. ഒപ്പുവച്ച കരാർ നടപ്പാക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശങ്ങൾ കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് ഉന്നയിപ്പിക്കുന്നതിനു വേണ്ടിയുള്ള വിധത്തിലാണ് ഈ റിപ്പോർട്ടും ബാക്കി കാര്യങ്ങളും വന്നത്. എല്ലാ രാജ്യത്തും

LIBRARY ARCHIVES Kerala Legislative Assembly

ഇത് നടപ്പിൽ വന്നു കഴിഞ്ഞു. അതിന് രണ്ട് കാലഘട്ടമുണ്ട്. ഒന്ന്, ഇന്ന് നിലനിൽക്കുന്ന താരിഫ് റേറ്റുകൾ കുറയ്ക്കുന്നതിനുവേണ്ടിയും ആഗോളവൽക്കരണത്തിന്റെ ഭാഗമായി താരിഫ് ഇല്ലാത്തതായിട്ടുള്ള ഒരു ലോകം ഉണ്ടാക്കുന്നതിനും വേണ്ടിയുള്ള ഒരു കരാറാണ്. താരിഫ് ഇല്ലാത്ത ഒരു ലോകം 2005 ആകുമ്പോൾ സാധിതമാകുമെന്നുള്ള നിലയിലാണ് ഈ റിപ്പോർട്ടിൽ അതിന് എഗ്രിമെന്റ് വച്ചിരിക്കുന്നത്. ഇത് എഗ്രിമെന്റ് ഇല്ലാതെയല്ല, എഗ്രിമെന്റ് ഉണ്ടാക്കി കഴിഞ്ഞു. ആ എഗ്രിമെന്റ് ചർച്ചകളുടേയും അനുഭവത്തിന്റേയും അടിസ്ഥാനത്തിൽ ഓരോ കോൺഫറൻസുകളിലും പോകുമ്പോൾ അത് ഏതെല്ലാം വിധത്തിൽ ഇതിനെ അഫക്ടു ചെയ്തിട്ടുണ്ട്, ഏതെല്ലാം ഭേദഗതികൾ വേണം എന്ന് ഓരോ സർക്കാരും ഓരോ ഗവൺമെന്റുകളും അവിടെ ആവശ്യപ്പെടുന്നതിനുള്ള നിർദ്ദേശങ്ങൾ വേണം. അതാണ് ഡോ. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ പറയുന്ന പ്രധാന കാരണം. കേരളം പോലെയുള്ള ഒരു സംസ്ഥാനത്തിന്റെ 80 ശതമാനവും നാണ്യവിളകളാണ്. ആഭ്യന്തര മായാലും ലോകവിപണിയായാലും ഇന്ത്യയുടെ മാർക്കറ്റായാലും നമ്മുടെ ഉല്പന്നങ്ങൾ കച്ചവടത്തെ ആശ്രയിച്ചാണിരിക്കുന്നത്. വ്യാപാരത്തിന് വിധേയമായിട്ടുള്ള നാണ്യവിളകൾ ഉല്പാദിപ്പിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. നമ്മളെ സംബന്ധിച്ചിടത്തോളം ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇതുപോലെ ഒരു കമ്മീഷനിൽ ഒപ്പു വയ്ക്കാനും മറ്റും ഒരു വീണ്ടു വിചാരമില്ലാതെ ശരിയായിട്ടുള്ള നടപടികളൊന്നും നോക്കാതെ, അന്നത്തെ കോൺഫറൻസു കളിൽ അറ്റൻഡു ചെയ്തിട്ടുള്ളവരും പറയുന്നത് അമേരിക്ക പോലുള്ള രാജ്യങ്ങളിൽ പത്തായിരം പ്രതിനിധികളും മറ്റുമായിട്ടാണ് ചർച്ചയ്ക്കും ഒപ്പു വയ്ക്കുന്നതിനും ഒക്കെ വന്നിട്ടുള്ളത് എന്നാണ്. നമ്മൾ കുറച്ച് ആളുകളുമായിട്ടാണ് പോയത്. കരുതലുകളോ അതിനുവേണ്ട നടപടികളോ ഒന്നുമില്ലാത്ത വിധത്തിൽ വന്നിട്ടുള്ള ഒരു എഗ്രിമെന്റാണിത്. അതുകൊണ്ടാണ് ഇതിവിടെ ചർച്ച ചെയ്യുന്നത്. ഇതിൽ ഭേദഗതികൾ വേണ്ടിവരും. അതിൽ എന്തെല്ലാം നടപടികൾ സംസ്ഥാന സർക്കാർ എടുക്കണം; കേന്ദ്ര ഗവൺമെന്റ് എടുക്കണം എന്നുള്ളതിനെ സംബന്ധിച്ചും മറ്റുമാണ് ഡോ. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് തന്നത്. സംസ്ഥാന ഗവൺമെന്റുകൾ എടുക്കേണ്ടത്, കേന്ദ്ര ഗവൺമെന്റ് എടുക്കേണ്ടത്, ഇവിടത്തെ കൃഷിക്കാർ എടുക്കേണ്ടത്, വ്യാപാരനിലവാരത്തിലുള്ളവർ തുടങ്ങിയ വിഭാഗ ങ്ങളിൽപ്പെട്ടവർ എടുക്കേണ്ട നടപടികളെക്കുറിച്ചാണ് ഡോ. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് തന്നിരിക്കുന്നത്. ഈ റിപ്പോർട്ടിൽ വന്ന ഒരു തകരാറ്, ഇത് സംബന്ധിച്ച് ഇതിനുമുമ്പ് ഒരു വിശദീകരണമോ ചർച്ചയോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട മറ്റു വിധത്തിലുള്ള ചർച്ചകളോ നടപടികളോ വരാതിരുന്നതുകൊണ്ട് ഡോ. സ്വാമിനാഥൻ കമ്മീഷൻ പലപ്പോഴാ യിട്ടാണ് റിപ്പോർട്ട് തന്നത്. ദോഹ കോൺഫറൻസിനുമുമ്പ് ഇടക്കാല റിപ്പോർട്ട് നിർബന്ധ മായിട്ടും വാങ്ങിച്ചതാണ്. ദോഹ കോൺഫറൻസ് അറ്റൻഡ് ചെയ്യാൻ പോയപ്പോൾ, അതിനു മുമ്പ് കൃഷി മന്ത്രിമാരുടെ കോൺഫറൻസിനു പോയപ്പോൾ, ആ ഇടക്കാല റിപ്പോർട്ട് സമർപ്പി ക്കുകയും അതിനുവേണ്ടിയുള്ള നടപടികൾ എടുക്കണമെന്ന് ആവശ്യപ്പെട്ട് ആ റിപ്പോർട്ട് അയച്ചുകൊടുക്കുകയും ചെയ്തു; കൊടുക്കാതിരുന്നില്ല. അത് ഫൈനൽ റിപ്പോർട്ട് വരുന്നതിനു മുമ്പാണ്. ഫൈനൽ റിപ്പോർട്ട് വന്നതെന്നാണ്? 2003 ജനുവരി 2-ാം വാര ത്തിലാണ്. ഇത് താമസിച്ചുപോയ ഒരു സംഗതിയായതുകൊണ്ടും, ഇത് ഫലപ്രാപ്തിയി ലേക്കെത്തി താരിഫ് ഇല്ലാത്തതായ ഒരു ലോകം സൃഷ്ടിക്കുന്നത് 2005-ൽ ആണെന്നുള്ളതു കൊണ്ടും റിപ്പോർട്ടിന്റെ ഓരോ അംശവും കിട്ടുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ കൃഷിവകുപ്പ് എടുത്തിട്ടുണ്ട്. നടപടികൾ എടുത്തിട്ടില്ലെന്ന് ആരും പറയണ്ട. ചെയ്യാൻ കഴിയുന്ന കാര്യങ്ങളെ സംബന്ധിച്ചൊക്കെ നടപടികളെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രത്തിൽ കൊടുക്കാനുള്ളത് കേന്ദ്രത്തിൽ കൊടുക്കുന്നുണ്ട്. നമ്മൾ കേന്ദ്രത്തിലും കോൺഫറൻസ് നടത്തിയിട്ടുണ്ട്, ഇവിടെ വന്നും അവർ കോൺഫറൻസ് നടത്തിയിട്ടുണ്ട്. അപ്പോൾ അത് വച്ചുകൊണ്ട് നമ്മൾ ആവശ്യപ്പെട്ടിട്ടുണ്ട്. നമ്മൾ ആവശ്യപ്പെടാതിരുന്നിട്ടില്ല. റബ്ബർ പണ്ട് ഇൻഡസ്ട്രിയൽ പ്രോഡക്ടായിട്ടാണ് കണക്കാക്കിയിരുന്നത്. എഗ്രിമെന്റിലും ഇൻഡസ്ട്രിയൽ പ്രോഡക്ടാണ്. ഇത് നേരത്തെ നോക്കാത്തതിന്റെ ഫലമായിട്ട് വന്നതാണ്. നമ്മളെ സംബന്ധിച്ചിടത്തോളം കോട്ടണും അതുപോലുള്ള മറ്റ് സാധനങ്ങളും കാർഷിക വിളയായി ഇന്ന് അംഗീകരിച്ചിരിക്കുന്ന സ്ഥിതിക്ക് റബ്ബർ ഇൻഡസ്ട്രിയൽ പ്രോഡക്ടായി പറഞ്ഞിരുന്നു. അത് തെറ്റാണെന്നുള്ള നിലയിൽ മാറ്റിത്തീർക്കേണ്ടതാണ്. അങ്ങനെ മാറ്റിത്തീർക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ ആവശ്യപ്പെട്ടിട്ടില്ല എന്നു പറയാൻ പറ്റില്ല. കേന്ദ്ര ഗവൺമെന്റിൽ ആവശ്യപ്പെട്ടു. പക്ഷെ വേറെ ഉൽപ്പന്നം അതിന് പകരമായി കൊടുക്കണം. എഗ്രിമെന്റ് അതാണ്. രാജ്യങ്ങളാരും മാറി നിൽക്കുന്ന സ്ഥിതിവിശേഷമില്ല. അതുകൊണ്ട് വേറെ ഉല്പന്നം അതിനു പകരമായി കൊടുക്കണം. അത് പ്രതിഷേധാർഹമാണ്. അത് കാർഷികോല്പന്നമാക്കി മാറ്റാൻ ഒക്കുകയില്ല എന്നുള്ള വിധത്തിൽ തീരുമാനമെടുത്തത് പ്രതിഷേധാർഹമാണ്. കഴിയുന്ന രീതിയിൽ അത് തിരുത്തണമെന്നാവശ്യപ്പെട്ട് കത്തെഴുതിയിട്ടുണ്ട്. ഞാൻ ഇതൊക്കെ ആമുഖമായി പറഞ്ഞതാണ്.

മി. സ്പീക്കർ: ഇത്രയുംനേരം പറഞ്ഞത് ആമുഖമാണോ ഇനി നാല് മിനിറ്റു കൂടിയേയുള്ളൂ.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ആന എന്നാൽ തുമ്പിക്കൈയാണെന്ന് പറയുന്നതുപോലെ ഇത് ഒരു ദിവസംകൊണ്ട് ചർച്ച ചെയ്യേണ്ട വിഷയമല്ല. കേരളത്തിന്റെ വ്യാപാരതന്ത്രം മൂന്ന് മാർഗ്ഗനിർദ്ദേശങ്ങളാൽ അധിഷ്ഠിതമാണ്. (1) ആഭ്യന്തര വ്യാപാരം വ്യാപകമാക്കുക, അതിന് ചെലവിന്റെ കാര്യത്തിലും ഗുണമേന്മയിലും കൂടുതൽ ശ്രദ്ധ ചെലുത്തുകയും ഗുണമേന്മ നിയന്ത്രിക്കുവാനും ചെലവ് കുറയ്ക്കാനുമുള്ള നടപടികളെടുക്കണം. (2) മേഖലാ കേന്ദ്രങ്ങൾ സാർക്ക്, ASEAN രാജ്യങ്ങൾക്ക് ഊന്നൽ കൊടുത്ത് വികസ്വര രാജ്യങ്ങളുമായി വ്യാപാരബന്ധങ്ങൾ അനുരഞ്ജിപ്പിച്ച് മുന്നേറുന്നതിനുള്ള നടപടികളെടുക്കണം. (3) മദ്ധ്യപൂർവ്വ രാജ്യങ്ങളും മറ്റെല്ലാ രാജ്യങ്ങളുമായി നേരിട്ടുനിന്നുകൊണ്ട് ക്വാളിറ്റിയിലും കോംപറ്റീഷനിലും കൂടുതൽ രക്ഷപ്പെടത്തക്കവണ്ണമുള്ള നടപടിക്രമങ്ങൾ ആവിഷ്കരിച്ചുകൊണ്ട് കാർഷിക മേഖലയെ ഉത്തേജിപ്പിച്ച് അത് മൽസര രംഗമാക്കിത്തീർക്കുന്നതിനുവേണ്ടിയുള്ള നടപടികളെടുക്കുക. ഇതാണ് ഈ മൂന്ന് കാര്യങ്ങൾ. ഈ കാര്യങ്ങൾ വച്ചുകൊണ്ടുള്ള നടപടികൾ ഈ കാലഘട്ടത്തിൽ എടുക്കുന്നതിനുവേണ്ടിയുള്ള നടപടികളാണ് എടുത്തത്. കാർഷിക മേഖലയുടെ സുരക്ഷിതത്വം യാഥാർത്ഥ്യമാക്കണമെങ്കിൽ കാർഷിക കുടുംബങ്ങൾ തുടങ്ങി ലോകവ്യാപാര സംഘടനവരെയുള്ള തലത്തിൽ ഉചിതമായ പ്രവർത്തനങ്ങൾ നടത്തേണ്ടതായിട്ടുണ്ട്. അത് നടത്താനാവശ്യമായ വിധത്തിൽ സംസ്ഥാന ഗവൺമെന്റ് നടപടികളെടുക്കേണ്ടതായിട്ടുണ്ട്. ഇവിടെയുള്ള മെമ്പർമാർ പറഞ്ഞതുപോലെ കാർഷിക മേഖലയിൽ കൂടുതൽ പണം മുടക്കേണ്ടതായിട്ടുണ്ട്. എല്ലാ സംസ്ഥാനങ്ങളും ചെയ്യുന്നതെന്താണെന്നുവച്ചാൽ കാർഷിക മേഖലയ്ക്ക് പണം കുറയ്ക്കുകയും ഇൻഡസ്ട്രിയൽ രംഗത്തേക്ക് കൂടുതൽ പണം ഉൾക്കൊള്ളിക്കുകയും ചെയ്യും. ബംഗാൾ ഉൾപ്പെടെ ചെയ്യുന്നത് ഇതാണ്. കാർഷിക മേഖല മൽസരാധിഷ്ഠിതമാകണമെങ്കിൽ കൂടുതൽ പണം കാർഷിക മേഖലയിൽ മുടക്കണം. കാർഷിക

LIBRARY ARCHIVES Kerala Legislative Assembly

മേഖലയിൽ കൂടുതൽ പണം മുടക്കുന്നതിനുവേണ്ടിയുള്ള നടപടികളെടുക്കണമെന്നുള്ളതാണ് ഡോ. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നത്. ഈ റിപ്പോർട്ടിൽ അടിയന്തിരമായി മുതൽ മുടക്കേണ്ടത് ഏതു മേഖലയിലാണെന്നുള്ളത് അവർ തരംതിരിച്ച് പറഞ്ഞിട്ടുണ്ട്. (1) മണ്ണ്-ജലസംരക്ഷണം (2) റോഡ്, ജലസേചനം തുടങ്ങിയ ഗ്രാമീണ അടിസ്ഥാന സൗകര്യ സംവിധാനങ്ങൾ (3) വിപണിയും ഉൽപ്പാദനാനന്തര നടപടികളെ സംബന്ധിച്ചുള്ള സാങ്കേതിക വിദ്യകൾ (4) പാരിസ്ഥിതിക സങ്കേതങ്ങളെ സംബന്ധിച്ച ഗവേഷണവും, വികസനവും, വ്യാപനവും (5) വിദ്യാഭ്യാസവും ആരോഗ്യ വളർച്ചയും (6) മറ്റ് പ്രകൃതി ക്ഷോഭങ്ങൾ അഭിമുഖീകരിക്കൽ (7) പൊതുജനാരോഗ്യവും ശുചിത്വ നടപടികളെടുക്കൽ ഇതിനൊക്കെയാണ് ഈ മേഖലകളിൽ കൂടുതൽ പണം മുടക്കേണ്ടത്. ഈ രംഗങ്ങളിൽ പണം മുടക്കിയാൽ മാത്രമേ നമ്മുടേതായിട്ടുള്ള കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തുവാനും മൽസരാധിഷ്ഠിതമാക്കാനും കഴിയുകയുള്ളൂ. നമ്മളെ സംബന്ധിച്ചിടത്തോളം കാർഷിക മേഖലയിൽ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് ചെലവ് കൂടുന്നുണ്ട്. അതുകൊണ്ടാണ് കൃഷി ചെയ്യാൻ സാധിക്കാതെ വരുന്നത്. ഇപ്പോൾ അനേകം വയലുകൾ വെറുതെ കിടക്കുകയാണ്. ഉൽപ്പാദനം ലാഭകരമല്ല. ഉൽപ്പാദനച്ചെലവ് കൂടുതലാണ്. ഉൽപ്പാദന ചെലവ് കുറയ്ക്കുവാനുള്ള നടപടികൾ എടുക്കേണ്ടതായിട്ടുണ്ട്. അതിന് കൂടുതൽ പണം ലഭിക്കേണ്ടതായിട്ടുണ്ട്. അതുപോലെത്തന്നെ യന്ത്രവൽക്കരണം ഉൾപ്പെടെയുള്ള നടപടികൾ നടത്തേണ്ടതുണ്ട്. അതിനാവശ്യമായ നടപടികളെടുക്കണം. എന്നാൽ ആദ്യമായിട്ടുള്ളത് ദേശീയ തലത്തിൽ ചെയ്യേണ്ടവയാണ്. നമ്മൾ പബ്ലിസിറ്റിക്ക് പോകാറില്ല. അതുകൊണ്ട് ഇതൊന്നും ചെയ്തില്ല എന്നാണ് എല്ലാപേരും പറയുന്നത്. ദോഹാ കോൺഫറൻസ് നടക്കുന്നതിനുമുമ്പ് കേന്ദ്ര കൃഷിവകുപ്പുമന്ത്രി സംസ്ഥാന കൃഷിവകുപ്പ് മന്ത്രിമാരുടെ കോൺഫറൻസ് വിളിച്ചിരുന്നു. അപ്പോൾ നമ്മുടെ ആവശ്യങ്ങൾ പറഞ്ഞിരുന്നു. അതിനു ശേഷമാണ് ഡോ. സ്വാമിനാഥനോട് ആവശ്യപ്പെട്ടിട്ട് കേന്ദ്രത്തിലേക്ക് ദേശീയതലത്തിൽ എടുക്കേണ്ട നടപടികളെ സംബന്ധിച്ച് അന്ന് ഒരു ഇടക്കാല റിപ്പോർട്ട് തന്നു. ആ റിപ്പോർട്ട് കേന്ദ്രത്തിൽ അയച്ചുകൊടുത്തു ഡിസ്കഷൻ നടത്താനാവശ്യമായ നടപടികളെടുക്കാൻ ഓഫീസർമാരെയും അയച്ചു. ആ നടപടികൾ വച്ചുകൊണ്ട് അവർ അവിടെ ആവശ്യപ്പെട്ടു. പക്ഷെ അങ്ങനെ ആവശ്യപ്പെട്ടാൽ ഉള്ള ഒരു എഗ്രിമെന്റ് പെട്ടെന്ന് മാറ്റാൻ കഴിയുമോ? കഴിയില്ല. അതാണ് സ്ഥിതി. ആ വിധത്തിലുള്ള ഫലപ്രദമായ ചർച്ചകൾ നടന്നു. ഈ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് മുഖ്യമന്ത്രിയും ഞാനും പലപ്പോഴും കേന്ദ്രത്തിലേക്ക് കത്തുകളെഴുതാറുണ്ട്. ഇതിൽ ഓരോ നടപടിയെടുക്കുമ്പോഴും ഞങ്ങൾ ഇടപെടാറുണ്ട്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ് ശ്രീമതി ഗൗരിയമ്മയ്ക്ക് 4 മിനിട്ട് കൂടുതൽ വന്നു.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: എങ്കിൽപ്പിന്നെ ഞാൻ ഈ റിപ്പോർട്ടങ്ങ് വായിക്കാം. ശുപാർശകളിൽ ആദ്യമായിട്ടുള്ളത് ദേശീയതലത്തിൽ കൈകാര്യം ചെയ്യേണ്ടവയാണ്. ഇൻഡ്യാ ഗവൺമെന്റ് തലത്തിൽ ഇടപെടേണ്ട അനുരഞ്ജന തന്ത്രങ്ങളിൽ തുടങ്ങുന്നു. ആഭ്യന്തര പരിരക്ഷകൾ കർഷകർക്ക് പ്രതിദിനം ഒരു ബില്യൻ ഡോളർ വരെ അമേരിക്കൻ സ്ഥാപനങ്ങളിൽനിന്നും കൊടുക്കുന്നുണ്ട്. അവ ഈ ബോക്സിൽ തിരിച്ചുകൊടുക്കുന്നതിനു വേണ്ടിയുള്ള നടപടികൾ എടുക്കാതെ വന്നതാണ്. നമ്മൾ കൊടുക്കുന്ന നേരിട്ടുള്ള സബ്സിഡികൾ അല്ലാതെ വളഞ്ഞ വഴികളിലുള്ള സബ്സിഡികളായിട്ടാണ്. ഇപ്പോൾ കൃഷി ചെയ്യുന്നതിന് അമേരിക്ക കൊടുക്കുന്നതായിട്ടുള്ള സബ്സിഡിയുണ്ട്. അത് ലാന്റ്

LIBRARY ARCHIVES Kerala Legislative Assembly

കൺസർവേഷൻ എന്നുള്ള നിലയിലാണ്. അത് ഈ ബോക്സിൽ വരുന്നില്ല. അതുപോലെതന്നെ ജപ്പാൻ കൊടുക്കുന്ന സബ്സിഡിയുണ്ട്, അത് നെൽകൃഷിയും മറ്റ് കൃഷികളുടെയും പരിസ്ഥിതി സംരക്ഷിക്കുന്ന നിലയ്ക്കാണ്. നമ്മൾ നേരിട്ടാണ് സബ്സിഡി കൊടുക്കുന്നത്. ആ സബ്സിഡി മാറ്റി മറ്റു വിധത്തിൽ കൃഷിക്കാരെ സഹായിക്കാൻ, ഇൻഡ്യയിലെ പാവപ്പെട്ട കൃഷിക്കാരുടെയും ചെറുകിട കൃഷിക്കാരുടേയും നാമമാത്ര കൃഷിക്കാരുടേയും ജീവിതം നിലനിർത്താനാവശ്യമായ നിലയിൽ ഇത് കൊടുക്കണമെന്നുള്ളതാണ് ഡോ. സ്വാമിനാഥൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് ഏതെങ്കിലും വികസ്വര രാജ്യങ്ങളിൽ ഗ്രാമീണ ജനതയുടെ തൊഴിൽ ഉപജീവനാവസരങ്ങൾ നഷ്ടപ്പെടുന്നതായി വ്യക്തമായ ഇത്തരം ഇറക്കുമതികൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്താനുള്ള അധികാരം നൽകുന്ന നാലാമത്തെ ബോക്സ്, ഉപജീവന സംരക്ഷണ ബോക്സ് ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായിട്ടുള്ള നടപടിയെടുക്കണമെന്നാണ് ആവശ്യപ്പെടുന്നത്. ലക്ഷക്കണക്കിന് ചെറുകിട കർഷക കുടുംബങ്ങൾക്ക് നൽകിവരുന്ന തുച്ഛമായ സഹായങ്ങൾ സബ്സിഡി വിഭാഗത്തിൽ ഉൾപ്പെടുത്താൻ നാം അനുവദിക്കരുത്. കൃഷിയുടെ പ്രതികൂല ചെലവ് ഘേതവരവ് ഘടനമൂലം ഭാരിച്ച കുടുംബ ബാധ്യത ഉണ്ടായിരിക്കുന്ന ചെറുകിട ഉൽപ്പാദകർക്ക് നൽകുന്ന വളരെ തുച്ഛമായ സാമ്പത്തിക സഹായ സബ്സിഡി എന്നതിലുപരി സ്ഥായിയായ കൃഷി ഗ്രാമീണ ജീവിതത്തിന് നൽകുന്ന സപ്പോർട്ട് എന്നുള്ള നിലയിലുള്ള സമീപനമായി സ്വീകരിക്കേണ്ടതാണ്. അതിന് ആവശ്യമായ നടപടികൾ എടുക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. അതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്. ആവശ്യമായിട്ടുള്ള വിധത്തിൽ ഈ ബോക്സ് മാറ്റിയെടുത്തുകൊണ്ടും മറ്റുള്ള വിധത്തിലുള്ള നടപടികളിലേക്ക് മാറ്റാനും ഗവൺമെന്റ് കൊടുക്കുന്നതായിട്ടുള്ള ഏതെങ്കിലും പ്രൊഡക്റ്റിവിറ്റിക്കോ അല്ലെങ്കിൽ മറ്റു വിധത്തിൽ പർച്ചേസ് സാധനങ്ങൾ വാങ്ങുന്നതിനോ ഉള്ള പ്രൊക്യുവർമെന്റും ഒക്കെയായിട്ട് കൊടുക്കുന്നത് മാറ്റിത്തീർക്കത്തക്കവിധത്തിൽ നടത്തണം എന്നുള്ളതിനെ സംബന്ധിച്ച് ആലോചിച്ച് തീരുമാനിക്കാൻ, വിപുലമായിട്ടുള്ള വിധത്തിൽ വിവിധ ഉദ്യോഗസ്ഥർ അടങ്ങുന്നതായിട്ടുള്ള ഒരു കമ്മിറ്റി രൂപീകരിക്കാനും ആ കമ്മിറ്റിക്ക് നിർദ്ദേശം നൽകാൻ ഡബ്ളിയു.ടി.ഒ. സെൽ രൂപീകരിക്കുന്നതിനുമുള്ള നടപടികൾ എടുത്തുവരുന്നു. ഉടനെതന്നെ ജി.ഒ. വരും; നോട്ടിഫിക്കേഷൻ വരും.

മി. സ്പീക്കർ: ശ്രീമതി ഗൗരിയമ്മയ്ക്ക് പറയാനുള്ളത് 10 മിനിട്ടാണ്. ഇപ്പോൾ 16 മിനിട്ടായി.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: നമുക്ക് അര മണിക്കൂർകൂടെ ഇരിക്കാമല്ലോ. ഇത് ചർച്ച ചെയ്യണ്ടേ? നമ്മൾ എന്നും ഇവിടെനിന്നും രണ്ടരയ്ക്കാണല്ലോ പോകുന്നത്.

മി. സ്പീക്കർ: അതൊന്നും പറഞ്ഞിട്ട് കാര്യമില്ല. 12.30 മുതൽ 1.30 വരെയാണ് ചർച്ചയ്ക്കുള്ള സമയം. അതിൽ 10 മിനിട്ട് ശ്രീമതി ഗൗരിയമ്മയ്ക്കുള്ളതാണ്.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ഇത് മേശപ്പുറത്ത് വച്ചാൽ മതിയോ?

മി. സ്പീക്കർ: മേശപ്പുറത്ത് വച്ചാൽ മതി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ഇതിൽ പ്രധാനമായിട്ടുള്ളത്, ഒന്ന് പറഞ്ഞോട്ടെ. ഭൂമി ശാസ്ത്രപരമായി പൗരാണികങ്ങളായിട്ടുള്ള ഉൽപ്പന്നങ്ങൾക്ക് ഈ പട്ടികയിൽ എടുത്തിട്ടുള്ള നടപടികൾ, സയൻസ് ആന്റ് ടെക്നോളജി, പ്രത്യേകമായിട്ടുള്ള ഒരു സെൽ ഇതിനായി രൂപീകരിച്ച് നമ്മുടെ പേറ്റന്റ് റൈറ്റ് നടപ്പിലാക്കുന്നതിനായിട്ടുള്ള ശ്രമം നടന്നുവരുന്നു. കൃഷിക്കുള്ള ബഹുമുഖ താരിഫിക്കേഷൻ ബോർഡ്, കൃഷിയുടെ ബഹുമുഖ പ്രവർത്തനം, ആഗോളതലത്തിൽ രണ്ട് ബില്ല്യനോളം വരുന്ന ആളുകളുടെ ജീവനാണ്. സുരക്ഷിതത്വത്തെ സ്വാധീനിക്കുന്നതാണ്. അതേസമയം സാംസ്കാരിക സുരക്ഷിതത്വത്തിനും വലിയ സ്വാധീനമുണ്ട്. ഏതായാലും വികസ്വര രാജ്യങ്ങൾ വാദിക്കുന്ന കൃഷിയുടെ ബഹുമുഖമായ പ്രവർത്തനം എന്ന ആശയം വ്യവസായവൽകൃത രാഷ്ട്രങ്ങളിൽ സബ്സിഡികൾ ഉയർത്തുന്നതിനും താരിഫേതര തടസ്സങ്ങൾ ഏർപ്പെടുത്തുന്നതിനുംവേണ്ടി ഉപയോഗിക്കുന്നുണ്ട്.

മി. സ്പീക്കർ: ഇന്ന് ഒരു മണിക്കൂർ ഡിസ്ക്കഷനാണ് ഉള്ളത്. ശ്രീമതി ഗൗരിയമ്മയ്ക്ക് 10 മിനിട്ടിന് 20 മിനിട്ട് സമയം തന്നു. ഇന്ന് കൂടിയ കാര്യോപദേശക സമിതി യോഗത്തിൽ അഭിപ്രായ സമന്വയം ഉണ്ടായതനുസരിച്ച് 2003 ആഗസ്റ്റ് 5-ാം തീയതി ഗവൺമെന്റ് കാര്യത്തിനായി നീക്കിവച്ചിരുന്ന സമയം 2003-ലെ കേരള സർവ്വകലാശാലകൾ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നുള്ള പ്രമേയത്തിൻമേലുള്ള ചർച്ചയ്ക്കായി പൂർണ്ണമായി വിനിയോഗിക്കുന്നതും ആഗസ്റ്റ് 5-ാം തീയതി ചർച്ചയ്ക്കായി നിശ്ചയിച്ചിരുന്ന ജലവിഭവ വകുപ്പുമന്ത്രി നോട്ടീസ് നൽകിയിട്ടുള്ള പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി സംബന്ധിച്ച് 130-ാം ചട്ടപ്രകാരമുള്ള ഉപക്ഷേപത്തിന്റെ ചർച്ച ആഗസ്റ്റ് 6-ാം തീയതി 11.30 മുതൽ 1.30 വരെ നടത്തുന്നതുമാണ്. 2003 ആഗസ്റ്റ് 7-ാം തീയതി സഭ മുമ്പാകെ വരുന്ന സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2001-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ബില്ലിനുള്ള ജനറൽ ഭേദഗതി നോട്ടീസുകൾ 2003 ആഗസ്റ്റ് 6-ാം തീയതി രാവിലെ 11 മണി വരെയും വകുപ്പുകൾക്കുള്ള ഭേദഗതി നോട്ടീസുകൾ അന്നേ ദിവസം 3 മണി വരെയും അംഗങ്ങൾക്ക് നൽകാവുന്നതാണ്.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2003 ആഗസ്റ്റ് മാസം 5-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 1.35-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly